VOL NO: 08 I ISSUE 38
2024 SEPTEMBER 21 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



മൂല്യങ്ങളുടെ തിരസ്‌കാരമാണ്  പുരോഗമനമെന്ന കമ്പോളകേന്ദ്രീകൃത നിർവചനത്തിലേക്ക് പുതുതലമുറയെ കൊണ്ടുചെന്നെത്തിക്കുന്നതിൽ ബാഹ്യശക്തികളുടെ പങ്ക് ചെറുതല്ല. സ്വാതന്ത്ര്യത്തിന്റെ ആടയാഭരണങ്ങളിഞ്ഞ ചൂഷണത്തിന്റെ വക്താക്കൾക്ക് വേണ്ടത് പുറംപൂച്ചുകളും ഭൗതിക ലാഭവും മാത്രമാണെന്ന് തിരിച്ചറിയുമ്പോഴേക്കും തിരിച്ചുവരവിനുള്ള അവസരം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കും.

# പുരോഗമനം ധാർമികതയുടെ പൊളിച്ചെഴുത്തോ?

## സലഫികൾ എന്തുകൊണ്ട് എതിർക്കപ്പെടുന്നു?

|| പെരുകുന്ന വൃദ്ധസദനങ്ങൾ

|| ചന്ദ്രചലനവും മാസനിർണയവും

|| മലബാർ സമരം: വർഗീയ വ്യാഖ്യാനത്തിനെതിരെ ഇ.കെ മൗലവി




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0400
# നേർപഥം
വാരിക

2024 സെപ്തംബർ 21
1446 റ. അവ്വൽ 18
പുസ്തകം 08 / ലക്കം 38






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി



## പുരോഗമനം ധാർമികതയുടെ പൊളിച്ചെഴുത്തോ?

അശ്റഫ് എകരൂൽ

മൂല്യങ്ങളുടെ തിരസ്കാരമാണ് പുരോഗമനമെന്ന കമ്പോള കേന്ദ്രീകൃത നിർവചനത്തിലേക്ക് പുതുതലമുറയെ കൊണ്ടു ചെന്നെത്തിക്കുന്നതിൽ ബാഹ്യശക്തികളുടെ പങ്ക് ചെറുതല്ല. സ്വാതന്ത്ര്യത്തിന്റെ ആടയാഭരണങ്ങളിഞ്ഞ ചൂഷണത്തിന്റെ വക്താക്കൾക്ക് വേണ്ടത് പുറംപൂച്ചുകളും ഭൗതിക ലാഭവും മാത്രമാണെന്ന് തിരിച്ചറിയുമ്പോഴേക്കും തിരിച്ചുവരവിനുള്ള അവസരം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കും.


**05** മുഖമൊഴി
സലഫികൾ എന്തുകൊണ്ട് എതിർക്കപ്പെടുന്നു?

**06** ലേഖനം
സ്വർഗവീഥികൾ
ഡോ. ടി. കെ. യൂസുഫ്

**09** ചരിത്രപഥം
അബൂമഹദൂറ അൽജുമഹി(റ)
മുഹമ്മദ് ശമീൽ

**16** ലേഖനം
നബിമാർ പ്രാർഥിച്ചത് ആരോട്?
മുനവ്വർ ഫൈറൂസ്

**18** ചരിത്രപഥം
മലബാർ സമരം: വർഗീയ വ്യാഖ്യാനത്തിനെതിരെ ഇ.കെ. മൗലവി
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**24** വിമർശനം
ഹദീസ് നിഷേധം വെറും ആരോപണമോ?
മൂസ സ്വലാഹി കാര

**26** ലേഖനം
ചന്ദ്രചലനവും മാസനിർണയവും
പി.ഒ അബൂഫസീഹ്

**29** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**32** പഠനം
വഴിതെറ്റാതിരിക്കിനുള്ള വഴിയെന്ത്?
ശമീർ മദീനി

**34** ഗാനം
പെരുകുന്ന വൃദ്ധസദനങ്ങൾ
അബൂമുഫീദ്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# സാമൂഹിക നവോത്ഥാനം: മദ്റസാ അധ്യാപകർ വലിയ പങ്ക് വഹിക്കുന്നു:

## വിസ്ഡം മദ്റസ അധ്യാപക സമ്മേളനം

കൊയിലാണ്ടി: സമൂഹത്തിന്റെ ധാർമികവും സാംസ്കാരികവുമായ പുനരുജ്ജീവനത്തിന് കരുത്ത് പകരുന്നതിന് മദ്റസാ അധ്യാപകർ നേതൃപരമായ പങ്ക് വഹിക്കണമെന്ന ആഹ്വാനത്തോടെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മദ്റസാ അധ്യാപക സമ്മേളനം സമാപിച്ചു.

സമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ മുന്നേറ്റത്തിൽ വലിയ പങ്ക് വഹിച്ചു കൊണ്ടിരിക്കുന്ന മദ്റസയുടെയും, അധ്യാപകരുടെയും ശാക്തീകരണം ലക്ഷ്യമാക്കിയാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാനതല മദ്റസാ അധ്യാപക സമ്മേളനം കൊയിലാണ്ടിയിൽ സംഘടിപ്പിച്ചത്.

സമൂഹത്തിൽ വർധിച്ചു വരുന്ന അധാർമിക പ്രവണതകൾക്കും ലഹരി ഉപയോഗ ത്തിനുമെതിരെ ചെറുപ്രായത്തിൽ തന്നെ കുട്ടികൾക്ക് ധാർമിക ശിക്ഷണം നൽകുകയെന്നതാണ് പരിഹാരം. ആയതിനു വേണ്ടി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളും സംവിധാനങ്ങളും കൂടുതൽ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും സമ്മേളനം വിലയിരുത്തി.

സമൂഹത്തിൽ ദുർബലപ്പെട്ടു വരുന്ന ധാർമികബോധം ശക്തിപ്പെടുത്തുവാനും വിശ്വാസ്യതയും മാതൃകയും സൃഷ്ടിച്ചെടുക്കുവാനും അധ്യാപക സമൂഹത്തിന് സാധിക്കേണ്ടതുണ്ട്.

അധ്യാപനവൃത്തിയുടെ പ്രവാചക മാതൃകകൾ, മദ്റസ: നവോത്ഥാനത്തിന്റെ വിപ്ലവ ജ്വാല, കുഞ്ഞുമനസ്സും ആദർശ പഠനവും, സാമൂഹ്യനിർമിതിയിൽ അധ്യാപകന്റെ പങ്ക്, ആൽഫാ ജനറേഷൻ: അധ്യാപനവും സമീപനവും, മതപഠനവും മുൻഗാമികളുടെ സമീപനവും, അധ്യാപകൻ: വ്യക്തിത്വവും ജീവിതവും തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്തു.

വിദ്യാഭ്യാസ ബോർഡ് ചെയർമാൻ ഹുസൈൻ കാവനൂർ അധ്യക്ഷത വഹിച്ചു. ലജ്നതുൽ ബഹൂസിൽ ഇസ്‌ലാമിയ്യഃ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സമ്മേള നം ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസം എന്നത് കേവലം തൊഴിൽ നേടാനുള്ള ഉപാധി മാത്രമല്ലെന്നും നന്മയു ള്ള മനസ്സിന്റെ ഉടമകളായി വളരാനാണെന്നും കൂടി പുതിയ തലമുറയെ ബോധ്യപ്പെടുത്താൻ അധ്യാപകർക്ക് സാധിക്കണമെന്നും കുഞ്ഞിമുഹമ്മദ് മദനിപറപ്പൂർ പറഞ്ഞു. 'ബഹ്ജ്' പ്രീ മദ്റസ ലോഗോ പ്രകാശനവും അദ്ദേഹം നിർവഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നാസിർ ബാലുശ്ശേരി, വി.പി ഇബ്രാഹീം കുട്ടി, പ്രൊഫ. ഹാരിസ്ബ്നു സലീം, ഫൈസൽ മൗലവി, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, ഡോ. ജൗഹർ മുനവ്വർ, മുജീബ് ഒട്ടുമ്മൽ, ഡോ. ശിയാസ് സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് ഷംജാസ് കെ അബ്ബാസ്, അജ്മൽ ഫൗസാൻ, ഇർഫാൻ സ്വലാഹി, വിസ്ഡം ജില്ലാ പ്രസിഡന്റ് ടി.പി. അബ്ദുൽ അസീസ് തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സർഗ വസന്തം ലോഗോ പ്രകാശനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ട്രഷറർ കെ. സജ്ജാദ് നിർവഹിച്ചു. 'ബഹ്ജ്' പ്രീ മദ്റസാ ബുക്സ് ലോഞ്ചിംഗ് വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് ശരീഫ് ഏലാങ്കോടും ഡോക്യുമെന്ററി പ്രകാശനവും വിസ്ഡം ബാലവേദി 'കൗതുക ച്ചെപ്പ് ' പ്രകാശനവും നാസിർ ബാലുശേരിയും നിർവഹിച്ചു.

വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം, കെ. അബ്ദുന്നാസിർ മദനി പൂനൂർ, കെ. ജമാൽ മദനി, അഡ്വ.കെ.പി.പി അബൂബക്കർ എന്നിവർ പ്രസംഗിച്ചു. അശ്റഫ് വെൽക്കം, സി. പി. അബ്ദുല്ല, ഉമ്മർ കാപ്പാട്, പി.പി. അബൂബക്കർ, ബി.എച്ച് അഹമ്മദ്, അബ്ദുല്ല ഹാജി മുയിപ്പോത്ത്, മൊയ്തു കുഞ്ഞിപ്പള്ളി, മുജാഹിദ് ബാലുശ്ശേരി, വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് സാജിദ് ബിസ്മി, വിസ്ഡം സ്റ്റുഡന്റ്സ് ജില്ലാ പ്രസിഡന്റ് മുനിസ് അൻസാരി സംബന്ധിച്ചു.

# സലഫികൾ എന്തുകൊണ്ട് എതിർക്കപ്പെടുന്നു?

വിശുദ്ധ ഖുർആൻ പറയുന്നു: "ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം! അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെ പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല"(4:65).

ഈ സൂക്തത്തിന്റെ പ്രയോക്താക്കൾ സലഫിയ്യത്തിനെ ആദർശമായി ഉൾക്കൊണ്ടവർ മാത്രമാണ് എന്നത് തിരസ്കരിക്കാനാവാത്ത ഒരു യാഥാർഥ്യമാണ്. മതത്തിന്റെ പേരിൽ മുളപൊട്ടിയിട്ടുള്ള മുഴുവൻ പുതുനിർമിതികളെയും അതിന്റെ നിർമാതാക്കളെയും ശക്തമായി നിരാകരിക്കുന്ന നിലപാടാണ് സലഫിയ്യത്ത്. കാരണം ഇത്തരം പുതുനിർമികതികൾക്കെതിരെ ഗൗരവമേറിയ താക്കീതുകളാണ് നബി(സ്വ) നടത്തിയിട്ടുള്ളത്. മതത്തിൽ പുതുതായി കടത്തിക്കൂട്ടപ്പെടുന്ന മുഴുവൻ കാര്യങ്ങളും നരകത്തിലേക്കുള്ള വഴികളാണെന്ന പ്രവാചകാധ്യാപനമാണ് സലഫികൾക്ക് ഈ വിഷയത്തിലുള്ള വെളിച്ചം.

വിജ്ഞാനം, സംസ്കരണം, പ്രബോധനം എന്ന രീതിയാണ് സലഫികൾ സ്വീകരിച്ചുവുന്നത്. വിജ്ഞാനമാണ് പ്രബോധനത്തിന്റെ ആയുധം. വിജ്ഞാന സമ്പാദനത്തിലൂടെ സ്വയം സംസ്കൃതരായവർ നടത്തുന്ന ബോധനം അതുല്യമായ മാറ്റം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

തൗഹീദ് (ഏകദൈവവിശ്വാസം) പ്രബോധനത്തിന് പ്രഥമ പരിഗണന നൽകുന്നവരാണ് സലഫികൾ. പ്രവാചകൻമാരുടെ പ്രബോധനരീതികൾ പഠിക്കുന്ന ആർക്കും സലഫികൾ സ്വീകരിച്ച ഈ വഴിയുടെ പ്രമാണികത ബോധ്യപ്പെടും. അടിത്തറ ശരിയാവാതെ എടുപ്പുകൾ നിർമിക്കുന്നത് നിരർഥകമാണെന്ന് തിരിച്ചറിയാനുള്ള ശേഷി സലഫികൾക്കുണ്ട്. കേവലം ഉപരിപ്ലവമായ സേവന പ്രവർത്തനങ്ങളല്ല, മനസ്സറിഞ്ഞ; ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്കുള്ള ആശയസംവേദനമാണ് പ്രബോധനം.

തൗഹീദ് പ്രബോധനത്തിന്റെ ഭാഗമാണ് ശിർക്കിനും അതിന്റെ പ്രചാരകർക്കുമെതിരായ പ്രവർത്തനം. സമൂഹത്തെ വഴിതെറ്റിക്കുന്ന ചൂഷണ കേന്ദ്രങ്ങൾക്കെതിരിൽ സന്ധിയില്ലാസമരം പ്രഖ്യാപിച്ചവരാണ് സലഫികൾ. മാരണക്കാർ, ജ്യോത്സ്യൻമാർ, കൈനോട്ടക്കാർ, ജാറവ്യവസായക്കാർ, തിരുശേഷിപ്പിന്റെ പേരിൽ ധനസമ്പാദനം നടത്തുന്നവർ തുടങ്ങിയവർ നടത്തുന്ന ചൂഷണങ്ങളെയും അന്ധവിശ്വാസങ്ങളെയും യുക്തിവാദത്തിന്റെയും നിരീശ്വരവാദവാദത്തിന്റെയും ബാലിശതകളെയും സമൂഹത്തിന് മുന്നിൽ തുറന്നുകാട്ടുന്നതിൽ സലഫികളാണ് എന്നും മുന്നിൽ നിന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ സലഫികൾ കൂടുതലായി എതിർക്കപ്പെടുന്നു.

ഭീകരത, തീവ്രവാദം തുടങ്ങിയവക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച് അവരോട് എതിർ പക്ഷത്തുനിന്ന് പോരാട്ടം നയിച്ചവരും നയിച്ചുകൊണ്ടിരിക്കുന്നവരുമാണ് സലഫികൾ. ഭീകരതയുടെ നാമ്പുകൾ കണ്ടെത്തി അതിനെ മുളയിലെ നുള്ളിയിടാൻ എന്നും നേതൃത്വം നൽകിയത് സലഫികളായിരുന്നു എന്നത് ചരിത്രം പരിശോധിക്കുന്നവർക്കെല്ലാം വ്യക്തമാവും. എന്നിട്ടും സലഫികളെ ഭീകരതയുമായി കൂട്ടിക്കെട്ടാൻ പാടുപെടുന്ന ജൂത, ശിയാ, സ്വൂഫി ലോബികളെ ലോകം തിരിച്ചറിഞ്ഞ് വരുന്നുണ്ട് എന്നതും ആശ്വാസകരമാണ്.




*33. സൂറത്തുൽ മുൽക് പാരായണം ചെയ്യുക:* നബി(സ്വ) പറഞ്ഞു: “ക്വുർആനിലെ ഒരു അധ്യായം; അതിൽ മുപ്പത് ആയത്തുകളല്ലാതെ ഇല്ല. അത് പാരായണം ചെയ്യുന്നവനുവേണ്ടി അത് വാദിച്ച് അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. അത് തബാറകയാണ്” (ത്വബ്റാനി).

*34. സയ്യിദുൽ ഇസ്തിഗ്ഫാർ പതിവാക്കുക:*

നബി(സ്വ) പറഞ്ഞു: “സയ്യിദുൽ ഇസ്തിഗ്ഫാർ എന്ന പേരിലറിയപ്പെടുന്ന പ്രാർഥന ഒരാൾ ദൃഢ വിശ്വാസത്തോടുകൂടി പകൽസമയത്ത് നിർവഹിക്കുകയും ആ ദിവസം വൈകുന്നേരമാകുന്നതിനു മുമ്പ് അവൻ മരണപ്പെടുകയും ചെയ്യുകയാണെങ്കിൽ അവൻ സ്വർഗവാസികളിൽ പെട്ടവനാണ്. രാത്രിയിൽ ആരെങ്കിലും അത് ചൊല്ലുകയും നേരം പുലരുന്നതിനു മുമ്പ് അവൻ മരണപ്പെടുകയും ചെയ്താൽ അവൻ സ്വർഗവാസികളിൽ പെട്ടവനാണ്” (ബുഖാരി).

*35. ശഹാദത്ത് കലിമ ചൊല്ലി മരണപ്പെടുക:* നബി(സ്വ) പറഞ്ഞു: “ആരുടെയെങ്കിലും അവസാന വാക്ക് ‘ലാഇലാഹ ഇല്ലല്ലാഹ്’ ആണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു” (അബൂദാവൂദ്).

*36. വുദൂഅ് ചെയ്യുകയും അതിനു ശേഷമുള്ള പ്രാർഥന*

"ആരെങ്കിലും തന്റെ താടിയെല്ലുകൾക്കിടയിലുള്ളതും കാലുകൾക്കിടയിലുള്ളതും സൂക്ഷിക്കുമെന്ന് എനിക്ക് ഉറപ്പ് നൽകുകയാണെങ്കിൽ ഞാൻ അവന് സ്വർഗം ഉറപ്പ് നൽകാം"
-നബി(സ്വ)

*ചൊല്ലുകയും ചെയ്യുക:* നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഒരാൾ പൂർണമായി, നന്നായി വുദൂഅ് എടുക്കുകയും അതിൽനിന്ന് വിരമിച്ചതിന് ശേഷമുള്ള പ്രാർഥന ചൊല്ലുകയും ചെയ്താൽ സ്വർഗത്തിന്റെ എട്ട് വാതിലുകളും അവനുവേണ്ടി തുറക്കപ്പെടും. അവൻ ഉദ്ദേശിക്കുന്നതിലൂടെ അവന് പ്രവേശിക്കാം" (അഹ്മദ്).

*37. വുദൂഅ് ചെയ്യുകയും ഭക്തിയോടുകൂടി രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യുക:*

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും വുദൂഅ് ചെയ്യുകയും അത് നന്നാക്കുകയും പിന്നീട് അവന്റെ ഹൃദയവും മുഖവും അല്ലാഹുവിലേക്ക് തിരിച്ചുകൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് സ്വർഗം നിർബന്ധമായി" (അഹ്മദ്).

*38. ബാങ്കുവിളിക്ക് പ്രത്യുത്തരം ചെയ്യുക:* നബി(സ്വ) പറഞ്ഞു: "ബാങ്കുവിളി കേൾക്കുമ്പോൾ മനസ്സാന്നിധ്യത്തോടുകൂടി അതിന് പ്രത്യുത്തരം ചെയ്യുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും" (മുസ്ലിം).

*39. പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കുക:* നബി(സ്വ) പറഞ്ഞു: "ആരെങ്കിലും പകലും രാത്രിയിലുമായി പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചാൽ അല്ലാഹു അവന് സ്വർഗത്തിൽ ഒരു ഭവനം നിർമിച്ചുകൊടുക്കും" (മുസ്ലിം).

*40. അഞ്ചുനേരത്തെ നമസ്കാരം അനുഷ്ഠിക്കുക:* അഞ്ചു നേരത്തെ നമസ്കാരം യഥാവിധി സമയനിഷ്ഠയോടെ അനുഷ്ഠിക്കുന്നത് സ്വർഗപ്രവേശനത്തിന് വഴിയൊരുക്കും.

അഹ്മദ് റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇപ്രകാരം കാണാം: നബി(സ്വ) പറഞ്ഞു: "ആരെങ്കിലും അഞ്ചുനേരത്തെ നമസ്കാരം കാത്തുസൂക്ഷിച്ചാൽ, അവയുടെ റുകൂഉകളും സുജൂദുകളും അവ അല്ലാഹുവോടുള്ള ബാധ്യതയാണെന്ന് അറിയുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും."

*41. ഹജ്ജ്:* ഒരാൾ പുണ്യകരവും സ്വീകാര്യവുമായ ഹജ്ജ് ചെയ്യുകയാണെങ്കിൽ അത് സ്വർഗ പ്രവേശനത്തിന് വഴിയൊരുക്കും.

നബി(സ്വ) പറഞ്ഞു: "പുണ്യകരമായ ഹജ്ജ്; അതിന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (ബുഖാരി).

*42. സ്വുബ്ഹി, അസ്ർ നമസ്കാരങ്ങൾ കാര്യക്ഷമതയോടെ നിർവഹിക്കുക:* നമസ്കാരം; പ്രത്യേകിച്ച് സമയക്രമം പാലിക്കാൻ അൽപം പ്രയാസകരമായ സ്വുബ്ഹി, അസ്ർ നമസ്കാരങ്ങൾ അവയുടെ സമയത്തുതന്നെ നിർവഹിക്കുകയാണെങ്കിൽ അതിലൂടെ ഒരാൾക്ക് സ്വർഗ പ്രവേശനം സാധ്യമാകും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും സ്വുബ്ഹിയും അസ്റും നമസ്കരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും" (മുസ്ലിം).

*43. നാവും ഗുഹ്യസ്ഥാനവും സൂക്ഷിക്കുക:* ഒരാൾ സംസാരവും സംസർഗവും വിശുദ്ധമാക്കുകയാ ണെങ്കിൽ അവന് സ്വർഗം ഉറപ്പാക്കാവുന്നതാണ്.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും തന്റെ താടിയെല്ലുകൾക്കിടയിലുള്ളതും കാലുകൾക്കിടയിലുള്ളതും സൂക്ഷിക്കുമെന്ന് എനിക്ക് ഉറപ്പ് നൽകുകയാണെങ്കിൽ ഞാൻ അവന് സ്വർഗം ഉറപ്പ് നൽകാം" (ബുഖാരി).

*44. സുജൂദ് വർധിപ്പിക്കുക:* നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ സുന്നത്തായ നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും തത്ഫലമായി സുജൂദ് വർധിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അവന് സ്വർഗം നേടാനാകും.

റബീഅത് ബിൻ കഅ്ബുൽ അസ്ലമി(റ) യിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഞാൻ നബി(സ്വ) യുടെ കൂടെ രാപാർത്തു. ഞാൻ അദ്ദേഹത്തിന് വുദൂഅ് എടുക്കാനുള്ള വെള്ളവുമായും അദ്ദേഹത്തിന്റെ ആവശ്യത്തിനുമായും ചെന്നു. അപ്പോൾ

നബി(സ്വ) എന്നോട് പറഞ്ഞു: 'നീ ചോദിക്കുക.' അപ്പോള്‍ ഞാന്‍ പറഞ്ഞു: 'ഞാന്‍ സ്വര്‍ഗത്തില്‍ താങ്കളുടെ സഹവാസം ചോദിക്കുന്നു.' അപ്പോള്‍ തിരുമേനി ആരാഞ്ഞു: 'മറ്റു വല്ലതും?' ഞാന്‍ പറഞ്ഞു: 'അതുതന്നെ മതി.' അപ്പോള്‍ നബി(സ്വ) പറഞ്ഞു: 'എങ്കില്‍ സുജൂദ് വര്‍ധിപ്പിച്ച് നീ എന്നെ സഹായിക്കുക" (മുസ്‌ലിം)

*45. നമസ്‌കാരത്തിനുവേണ്ടി പള്ളിയിലേക്കുള്ള സഞ്ചാരം:* ജമാഅത്ത് നമസ്‌കാരങ്ങള്‍ക്കുവേണ്ടി പള്ളിയിലേക്ക് പോകുമ്പോഴും തിരിച്ച് വരുമ്പോഴും ഓരോ യാത്രക്കും സ്വര്‍ഗത്തില്‍ വിരുന്ന് ഒരുക്കപ്പെടും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും പള്ളിയിലേക്ക് പ്രഭാതത്തിലും പ്രദോഷത്തിലും പുറപ്പെട്ടാല്‍ സ്വര്‍ഗത്തില്‍ അവന് വിരുന്ന് ഒരുക്കപ്പെടും; അവന്‍ പോകുമ്പോഴും വരുമ്പോഴും" (മുസ്‌ലിം).

*46. ദാനധര്‍മം:* നബി(സ്വ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ഒരു ദാനധര്‍മം ചെയ്താല്‍ അവന് സ്വര്‍ഗപ്രവേശനം പര്യവസാനമായിത്തീരും" (അഹ്മദ്).

*47. യാചന ഒഴിവാക്കുക:* ആരെങ്കിലും ജനങ്ങളോട് യാചിക്കുന്നത് ഒഴിവാക്കുകയും ആവശ്യങ്ങളില്‍ ക്ഷമിക്കുകയുമാണെങ്കില്‍ അതും സ്വര്‍ഗപ്രവേശനത്തിന് കാരണമായിത്തീരും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ജനങ്ങളോട് യാതൊന്നും ചോദിക്കില്ലെന്ന് എനിക്ക് ഉറപ്പ് നല്‍കുകയാണെങ്കില്‍ ഞാന്‍ അവന് സ്വര്‍ഗം ഉറപ്പുനല്‍കാം" (അബൂദാവൂദ്).

*48. അഹങ്കാരവും വഞ്ചനയും കടബാധ്യതയും ഒഴിവാക്കുക:* ഒരു അണുവിന്റെ തൂക്കം അഹങ്കാരമുള്ളവന്‍ സ്വര്‍ഗത്തില്‍ പ്രവേശിക്കുകയില്ലെന്ന് ഹദീസുകളില്‍ വന്നിട്ടുണ്ട്. അതുപോലെ അഹങ്കാരവും വഞ്ചനയും കടവും ഒഴിവാക്കുകയാണെങ്കില്‍ അതിലൂടെ സ്വര്‍ഗം നേടാനാകും.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും അഹങ്കാരത്തിന്റെയും വഞ്ചനയുടെയും കടത്തിന്റെയും കളങ്കമില്ലാതെ മരണപ്പെട്ടാല്‍ അവന്‍ സ്വര്‍ഗത്തില്‍ പ്രവേശിക്കും" (ജാമിഅ് സ്വഹീഹ്).

*49. ജീവികളോട് കാരുണ്യം കാണിക്കുക:* ജീവജാലങ്ങളോട് കാരുണ്യം കാണിക്കുന്നതും അവയുടെ ആവശ്യങ്ങള്‍ നിറവേറ്റുന്നതും സ്വര്‍ഗപ്രവേശനത്തിന് നിമിത്തമായിത്തീരുന്നതാണ്.

നബി(സ്വ) പറഞ്ഞു: "ഒരാള്‍ ദാഹം നിമിത്തം മണ്ണ് കപ്പുന്ന ഒരു നായയെ കണ്ടു. അപ്പോള്‍ അദ്ദേഹം തന്റെ ഷൂ അഴിച്ച് അതിന് ദാഹം തീരുംവരെ വെള്ളം കോരിക്കൊടുത്തു. അപ്പോള്‍ അല്ലാഹു അദ്ദേഹത്തിന്റെ പ്രവൃത്തിയില്‍ കൃതാര്‍ഥനാകുകയും അയാളെ സ്വര്‍ഗത്തില്‍ പ്രവേശിപ്പിക്കുകയും ചെയ്തു" (ബുഖാരി).

50. രോഗങ്ങളിലും പരീക്ഷണങ്ങളിലും ക്ഷമിക്കുക: "നാം ജീവിതത്തില്‍ പലവിധ പരീക്ഷണങ്ങളും രോഗങ്ങളും നേരിടാറുണ്ട്. എന്നാല്‍ ഒരാള്‍ അവയെല്ലാം ക്ഷമയോടെ സഹിക്കുകയാണെങ്കില്‍ അവന്‍ അതുമൂലം സ്വര്‍ഗാവകാശിയായിത്തീരും.

സഹീഹ് മുസ്‌ലിമില്‍ നിന്ന്: അതാഅ് ബിന്‍ അബീ റബാഇ(റ)ല്‍ നിന്നും നിവേദനം. ഇബ്‌നു അബ്ബാസ്(റ) എന്നോട് പറഞ്ഞു: "സ്വര്‍ഗവാസികളില്‍ പെട്ട ഒരു സ്ത്രീയെ ഞാന്‍ നിനക്ക് കാണിച്ചുതരട്ടെയോ?" ഞാന്‍ പറഞ്ഞു: "അതെ." അദ്ദേഹം പറഞ്ഞു: "ഈ കറുത്ത സ്ത്രീ." അവര്‍ നബി(സ്വ)യുടെ അടുക്കല്‍ വന്ന് പറഞ്ഞു: "എനിക്ക് അപസ്മാരമുണ്ടാകുന്നുണ്ട്. എന്റെ വസ്ത്രങ്ങള്‍ നീങ്ങിപ്പോകുന്നുണ്ട്. അതുകൊണ്ട് താങ്കള്‍ എനിക്കുവേണ്ടി പ്രാര്‍ഥിക്കണം." അപ്പോള്‍ നബി(സ്വ) പറഞ്ഞു: "നീ ക്ഷമിക്കുകയാണെങ്കില്‍ നിനക്ക് സ്വര്‍ഗമുണ്ട്. നീ ഉദ്ദേശിക്കുകയാണെങ്കില്‍ നിന്റെ സൗഖ്യത്തിനുവേണ്ടി ഞാന്‍ അല്ലാഹുവോട് പ്രാര്‍ഥിക്കാം." അവള്‍ പറഞ്ഞു: "ഞാന്‍ ക്ഷമിക്കാം. എന്റെ വസ്ത്രം നീങ്ങിപ്പോകുന്നുണ്ട്. അത് നീങ്ങിപ്പോകാതിരിക്കാന്‍ താങ്കള്‍ പ്രാര്‍ഥിക്കുക." അപ്പോള്‍ നബി(സ്വ) അവള്‍ക്കുവേണ്ടി പ്രാര്‍ഥിച്ചു."

*(തുടരും)*



മുഹമ്മദ് ശമീൽ

# അബൂമഹദൂറ അൽജുഹ്മി(റ)

അബ്ദുല്ലാഹ് ബിൻ മുഹൈരിജ് ശാമിലേക്കുള്ള യാത്രക്കു മുമ്പ് തന്റെ യജമാനനായ അബൂമഹദൂറ(റ)യോട് ചോദിച്ചു: 'നിങ്ങൾ (അബൂമഹദൂറ) എങ്ങനെയാണ് ബാങ്ക് വിളിക്കാൻ ആരംഭിച്ചത് എന്ന് ശാമിലെ ജനങ്ങൾ എന്നോട് ചോദിക്കും. അപ്പോൾ അവരോട് ഞാൻ എന്ത് പറയും?'

അപ്പോൾ അബ്ദുല്ലാഹ് ബിൻ മുഹൈരിജി(റ)ന് അബൂമഹദൂറ(റ) അദ്ദേഹത്തിന് സന്മാർഗം കിട്ടിയ ചരിത്രം വിവരിച്ചു കൊടുത്തു: "ഞാൻ ഒരു സംഘം ആളുകളുമായി യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ ഹുനൈൻ യുദ്ധം കഴിഞ്ഞ് തിരിച്ചുവരികയായിരുന്ന പ്രവാചകനും സംഘവും വിശ്രമത്തിനു വേണ്ടി വഴിയിൽ തമ്പടിച്ചു. പ്രവാചകന്റെ മുഅദ്ദിൻ നമസ്കാരത്തിനുള്ള ബാങ്ക് വിളിക്കാൻ ആരംഭിച്ചു. ബാങ്കിന്റെ ശബ്ദം ഞങ്ങൾക്ക് അസ്വസ്ഥതയുണ്ടാക്കുന്നതായി അനുഭവപ്പെട്ടു. ഞങ്ങൾ ബാങ്കിനെ പരിഹാസ്യമായി അനുകരിക്കുകയും ശബ്ദം ഉണ്ടാക്കുകയും ചെയ്തു. ബാങ്കുവിളി കേൾക്കാതിരിക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

ബാങ്ക് വിളിച്ചു കഴിഞ്ഞപ്പോൾ പ്രവാചകൻ(സ്വ) സ്വഹാബത്തിനെ വിട്ട് ഞങ്ങളെ പിടിച്ചുകൊണ്ടു വരാൻ ആവശ്യപ്പെട്ടു. അങ്ങനെ ഞങ്ങളെ പ്രവാചകന്റെ മുന്നിലിരുത്തി. 'നിങ്ങളിൽ ആരാണ് ഉച്ചത്തിൽ ബാങ്ക് കൊടുത്തത്?'-പ്രവാചകൻ ഞങ്ങളോട് ചോദിച്ചു. എന്റെ സംഘത്തിലുണ്ടായിരുന്ന ആളുകൾ എല്ലാവരും എന്നിലേക്ക് വിരൽ ചൂണ്ടി. അവർ പറഞ്ഞത് സത്യമായിരുന്നു. ഞാനാണ് ഉച്ചത്തിൽ ബാങ്കിനെ കളിയാക്കി ശബ്ദമുണ്ടാക്കിയത്. എന്റെ സംഘത്തിലുണ്ടായിരുന്ന മുഴുവൻ ആളുകളെയും പ്രവാചകൻ(സ്വ) വെറുതെവിട്ടു, എന്നെ മാത്രം അവിടെ പിടിച്ചിരുത്തി. എന്നിട്ട് എന്നോട് പറഞ്ഞു: 'എഴുന്നേറ്റ് നമസ്കാരത്തിന് വിളിക്കൂ.'

അങ്ങനെ ഞാൻ എഴുന്നേറ്റു. ബാങ്ക് വിളിക്കാൻ നിൽക്കുമ്പോൾ അല്ലാഹുവിന്റെ റസൂലിനെക്കാൾ ഞാൻ വെറുക്കുന്ന ഒരു വ്യക്തിയോ, അദ്ദേഹം പറയുന്നതിനെക്കാൾ വെറുക്കുന്ന ഒന്നോ വേറെ ഉണ്ടായിരുന്നില്ല. പ്രവാചകൻ എനിക്ക് ബാങ്കിന്റെ വാക്കുകൾ നേരിട്ട് പറഞ്ഞുതന്നു. ഞാൻ അദ്ദേഹം പറഞ്ഞപോലെ പറഞ്ഞു.

ബാങ്കുവിളി പൂർത്തിയായപ്പോൾ അദ്ദേഹം എന്നെ അടുത്ത് വിളിക്കുകയും എനിക്ക് ഒരു കിഴി വെള്ളി നാണയങ്ങൾ സമ്മാനമായി തരികയും ചെയ്തു. പ്രവാചകൻ എന്റെ നെറ്റിയിൽ കൈ വെച്ചു. തുടർന്ന് മുഖത്തും നെഞ്ചിലും തടവി. ശേഷം എനിക്കുവേണ്ടി 'അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയും അനുഗ്രഹങ്ങൾ അയക്കുകയും ചെയ്യട്ടെ' എന്ന് പ്രാർഥിച്ചു. ഞാൻ പറഞ്ഞു: 'പ്രവാചകരേ, എന്നെ മക്കയിൽ ബാങ്ക് കൊടുക്കാൻ അനുവദിക്കുമോ?' പ്രവാചകൻ എനിക്ക് അതിനുള്ള അനുമതി നൽകി. അപ്പോൾ ലോകത്തിൽ പ്രവാചകനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്ന ഒരു വ്യക്തി വേറെ ആരും ഉണ്ടായിരുന്നില്ല. പ്രവാചകനോടുള്ള എന്റെ വെറുപ്പ് അദ്ദേഹത്തോടുള്ള സ്നേഹമായി മാറി.

മക്കയിലെ ഗവർണറായ അത്താബ് ബിൻ ആസിദിന്റെ അടുത്തെത്തി പ്രവാചകൻ എന്നെ മക്കയിലെ ബാങ്കുവിളിക്കാരനാക്കിയ വിവരം അദ്ദേഹത്തെ അറിയിച്ചു.

ഇതാണ് അബൂമഹദൂറ(റ)ക്ക് സന്മാർഗം കിട്ടിയ ചരിത്രം. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുമ്പോൾ 16 വയസ്സായിരുന്നു പ്രായം. അബൂമഹദൂറ(റ) ഇസ്‌ലാം സ്വീകരിച്ചപ്പോൾ ആഗ്രഹിച്ചത് ബാങ്ക് കൊടുക്കാനുമാണ്. മക്കയിലെ മസ്ജിദുൽ ഹറമിൽ ബാങ്ക് കൊടുത്തിരുന്നത് അബൂമഹദൂറ(റ)യും അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ കുടുംബവും ആയിരുന്നു. അബൂമഹദൂറ അൽജുഹ്മി മക്കയിലെ ഖുറൈശ് ഗോത്രത്തിലാണ് ജനിച്ചത്. ഹിജ്റ 58ൽ മക്കയിൽ വെച്ച് മരണപ്പെടുകയും ചെയ്തു. നബി(സ്വ)യുടെ സ്വഭാവ വൈശിഷ്ട്യത്തിന്റെയും കാരുണ്യത്തിന്റെയും തെളിവാണ് ഈ ചരിത്രം. ■

അശ്റഫ് എകരൂൽ

മൂല്യങ്ങളുടെ തിരസ്കാരമാണ് പുരോഗമനമെന്ന കമ്പോള കേന്ദ്രീകൃത നിർവചനത്തിലേക്ക് പുതുതലമുറയെ കൊണ്ടുചെന്നെത്തിക്കുന്നതിൽ ബാഹ്യശക്തികളുടെ പങ്ക് ചെറുതല്ല. സ്വാതന്ത്ര്യത്തിന്റെ ആടയാഭരണങ്ങളിഞ്ഞ ചൂഷണത്തിന്റെ വക്താക്കൾക്ക് വേണ്ടത് പുറംപൂച്ചുകളും ഭൗതിക ലാഭവും മാത്രമാണെന്ന് തിരിച്ചറിയുമ്പോഴേക്കും തിരിച്ചുവരവിനുള്ള അവസരം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കും.

# പുരോഗമനം ധാർമികതയുടെ പൊളിച്ചെഴുത്തോ?

സദാചാര-ധാർമിക മൂല്യങ്ങളെ പൊളിച്ചെഴുതുകയോ വലിച്ചെറിയുകയോ ചെയ്യുമ്പോഴാണ് പുരോഗമനം സാധ്യമാവുക എന്നൊരു ചിന്താഗതി സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നുണ്ട്. പുരോഗമനമെന്നാൽ ധാർമികതയുടെ പൊളിച്ചെഴുത്താണോ? ധാർമികതയിലൂന്നിയുള്ള പുരോഗമനം സാധ്യമല്ലേ? ഈ ചോദ്യങ്ങളുടെ ഉത്തരത്തിലേക്ക് എത്താൻ സഹായിക്കുന്ന, ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിലുള്ള ചില ചിന്തകളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

സ്രഷ്ടാവായ അല്ലാഹുവിന്റെ മതം അഥവാ മനുഷ്യന്റെ ജീവിത രീതിശാസ്ത്രം മനുഷ്യനെ മാനവിക മൂല്യങ്ങളുടെ ചട്ടക്കൂടിനുള്ളിലേക്ക് ഒതുക്കി നിർത്തി സുരക്ഷിതനാക്കുന്നു. എന്നാൽ നവലിബറലിസവും മതനിരാസവും ഈ സുരക്ഷിത ചട്ടക്കൂടിനുള്ളിൽനിന്ന് വിശ്വാസികളെയടക്കം മനുഷ്യസമൂഹത്തെയാകമാനം പുറത്തു ചാടിച്ച് വേട്ടക്കാരന് ഇരപിടിക്കാൻ സൗകര്യം ചെയ്തുകൊടുക്കുകയോ സ്വയം ഇരയായി വേട്ടക്കാരന് സ്വന്തത്തെ കൈയിൽ വെച്ചുകൊടുക്കുകയോ ആണ് ചെയ്യുന്നത്.

മതത്തിന്റെ പ്രഥമകവാടം 'ഈമാൻ' (വിശ്വാസം) ആണ്. 'അംന്' (നിർഭയത്വം) എന്ന മൂലധാതുവിൽനിന്നാണ് 'ഈമാൻ' എന്ന പദം ഉണ്ടായിട്ടുള്ളത്. ഈമാൻ ഹൃദയത്തിൽ പ്രവേശിക്കുമ്പോൾ മാത്രമെ നിർഭയത്വം ഉണ്ടാവുകയുള്ളൂ.



“...അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുവാൻ വേണ്ടി”(ക്വുർആൻ 3:103).

ഈ സത്യത്തിനപ്പുറത്തുള്ളത് വഴികേടാണ്. പ്രത്യക്ഷത്തിൽ എത്ര സുന്ദരവും ആസ്വാദ്യകരുമാണെങ്കിലും അവ നൈമിഷികമായിരിക്കും. പുരോഗതിയിലേക്കല്ല; അധോഗതിയിലേക്കായിരിക്കും അവ നയിക്കുക.

മനുഷ്യന് മാത്രമല്ല, സർവ ചരാചരങ്ങൾക്കും സ്രഷ്ടാവിന്റെ ഒരു ചട്ടക്കൂടുണ്ട്. അതിന്റെ ലംഘനം പ്രപഞ്ചത്തിന്റെ നിലനിൽപിനെത്തന്നെ അവതാളത്തിലാക്കും.

“അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്കു തന്നെയാണ് അവർ മടക്കപ്പെടുന്നതും”(ക്വുർആൻ 3:83).

മനുഷ്യന് ഈ ചട്ടക്കുട് കൂടുതൽ അനിവാര്യമാണ്. കാരണം അവൻ ഇതര സൃഷ്ടികളിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തമാണ്. അവൻ പരീക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുപ്പവകാശം നൽകപ്പെട്ടവനാണ്. അതിനാൽ കൂടുതൽ വ്യക്തവും കൃത്യവുമായ ദൈവിക മാർഗത്തിന്റെ വഴി ലഭ്യമാകേണ്ടതുണ്ട്. അത് ലഭ്യമാകാതിരിക്കുമ്പോൾ അവൻ ശുദ്ധപ്രകൃതിയിൽനിന്ന് തെറ്റിപ്പോകും. അതുകൊണ്ട് അല്ലാഹു ഉണർത്തി:

“...എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അപ്പോൾ എന്റെ മാർഗദർശനം

“വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർതന്നെയാണ് നേർമാർഗം പ്രാപിച്ചവർ”(ക്വുർആൻ 6:82).

എല്ലാവർക്കും ‘സുരക്ഷിതമായ വളർച്ച’ എന്നതാണ് ഇസ്‌ലാം ധാർമിക ചട്ടക്കൂട് നിർണയിച്ചതിന്റെ ഗുണം. “അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു...”(ക്വുർആൻ 10:25).

ഈ സുരക്ഷാവലയത്തിൽനിന്ന് പുറത്തു ചാടാനാണ് ലിബറലിസവും കമ്യൂണിസവുമെല്ലാം മനുഷ്യരെ നിർബന്ധിക്കുന്നത്. എന്നാൽ ഈ സുരക്ഷാവലയത്തിനുള്ളിലേക്ക് പൂർണമായി കയറിനിൽക്കാൻ കാരുണ്യവാനായ അല്ലാഹു കൽപിക്കുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്‌വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു”(ക്വുർആൻ 2:208).

ഈ വിളിക്ക് ഉത്തരം നൽകിയ വ്യക്തിയും കുടുംബവും സമൂഹവും രാജ്യവും പുരോഗതിയിലായിരിക്കും. ഓരോ ചട്ടക്കൂടും നിർണയിച്ചു തരുമ്പോഴും കാരുണ്യവാനായ അല്ലാഹു പറഞ്ഞു:

“...അങ്ങനെ ഇഹപര ജീവിതങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കുവാൻവേണ്ടി അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു”(ക്വുർആൻ 2:219).

ആർ പിൻപറ്റുന്നുവോ അവൻ പിഴച്ചുപോകുകയില്ല, കഷ്ടപ്പെടുകയുമില്ല''(20:123).

ദൈവിക ദർശനങ്ങളുടെ അടിസ്ഥാനത്തിൽ ധാർമികത സ്വീകരിച്ചവരെ കൂടുതൽ സുരക്ഷിതരും സംതൃപ്തരും സമാധാനമുള്ളവരുമായി നമുക്ക് കാണാം. അതിനെ തിരസ്കരിച്ചവർ അരക്ഷിതരും കുഴപ്പക്കാരും ചൂഷകരും ചൂഷിതരുമായി ജീവിച്ചതായും കാണാം. സ്വവർഗരതിയിൽ ആനന്ദം കണ്ടെത്തിയ, ലൂത്വ് നബി(അ)യുടെ ജനതയുടെ പര്യവസാനവും നൂഹ് നബി(അ)യോടൊപ്പം ചേർന്നുനിന്നവരുടെ നിർഭയത്വമാർന്ന ജീവിതവിജയവും കേവലം ഒരു സാങ്കൽപിക കഥയല്ലല്ലോ.

അളവിലും തൂക്കത്തിലും വഞ്ചന കാണിച്ച, ശുഐബ് നബി(അ)യുടെ സമൂഹത്തിൽ നിന്ന് ലോകം കണ്ടത് എന്താണ്? അവിടെ അവർ ഉയർത്തിയ ഒരു ചോദ്യമുണ്ടായിരുന്നു:

"അവർ പറഞ്ഞു: ശുഐബേ, ഞങ്ങളുടെ പിതാക്കൻമാർ ആരാധിച്ച് വരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നോ, ഞങ്ങളുടെ സ്വത്തുക്കളിൽ ഞങ്ങൾക്ക് ഇഷ്ടമുള്ള പ്രകാരം പ്രവർത്തിക്കാൻ പാടില്ലെന്നോ നിനക്ക് കൽപന നൽകുന്നത് നിന്റെ ഈ നമസ്കാരമാണോ? തീർച്ചയായും നീ സഹനശീലനും വിവേകശാലിയുമാണല്ലോ"(11:87).

ബഹുദൈവാരാധനയും സാമ്പത്തിക രംഗത്തെ ചൂഷണവും അവസാനിപ്പിക്കണമെന്ന് ശുഐബ് നബി(അ) പറയുമ്പോൾ അദ്ദേഹം നിർവഹിക്കുന്ന നമസ്കാരമെന്ന പുണ്യപ്രവർത്തനത്താൽ പ്രചോദിതനായാണ് ഇപ്പറയുന്നത് എന്നാണ് അവരുടെ ആരോപണം. ഇതിനു സമാനമായ ചോദ്യമാണ് ഇന്ന് ലിബറലിസ്റ്റുകൾ ചോദിക്കുന്നത്! സ്വവർഗരതി, ലഹരിയുപയോഗം പോലുള്ള തിന്മകളെ മുസ്‌ലിംകൾ എതിർക്കുമ്പോൾ ഇസ്‌ലാമിന്റെ ധാർമിക നിലപാടുകളെ എതിർക്കുവാൻ ഇവർ നിർബന്ധിതരാകുന്നു.

മുഹമ്മദ് നബി(സ്വ)യുടെ വിളിക്ക് ഉത്തരം നൽകി ധാർമിക ചട്ടക്കൂടിലേക്ക് വന്നവരും അതിന്റെ മുമ്പുള്ള അവരുടെ ജീവിത വ്യവഹാരങ്ങളും എങ്ങനെയെന്നതിന്റെ ഒരു നേർചിത്രം നജ്ജാശി രാജാവിന്റെ ചോദ്യങ്ങൾക്ക് ജഅ്ഫർ(റ) നൽകിയ മറുപടിയിൽ പ്രകടമാണ്. ഞങ്ങൾ അജ്ഞരായ ഒരു ജനവിഭാഗമായിരുന്നു, ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു, ചത്തതിനെ ഭക്ഷിച്ചിരുന്നു, നികൃഷ്ട കാര്യങ്ങൾ ചെയ്തിരുന്നു, കുടുംബബന്ധം വിഛേദിച്ചിരുന്നു, ഞങ്ങളിലെ ശക്തൻ ദുർബലനെ അടിച്ചമർത്തിയിരുന്നു എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ തുറന്നുപറച്ചിൽ ഇസ്‌ലാം അവരിൽ വളർത്തിയെടുത്ത മാനവികമൂല്യങ്ങളും പുരോഗതിയും വ്യക്തമാക്കുന്നതാണ്. മുഹമ്മദ് നബി(സ്വ) ആ സമൂഹത്തിന് എന്തു നൽകി എന്നതും മതധാർമികത മനുഷ്യനെ പുരോഗമിപ്പിക്കുമോ അതോ അധഃപതിപ്പിക്കുമോ എന്നതും ഈ വിശദീകരണത്തിൽ തെളിയുന്നുണ്ട്

> "അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്ത വത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്കു തന്നെയാണ് അവർ മടക്കപ്പെടുന്നതും"(ക്വുർആൻ 3:83). മനുഷ്യന് ഈ ചട്ടക്കുട് കൂടുതൽ അനിവാര്യമാണ്. കാരണം അവൻ ഇതര സൃഷ്ടികളിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തമാണ്. അവൻ പരീക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുപ്പവകാശം നൽകപ്പെട്ടവനാണ്. അതിനാൽ കൂടുതൽ വ്യക്തവും കൃത്യവുമായ ദൈവിക മാർഗത്തിന്റെ വഴി ലഭ്യമാകേണ്ടതുണ്ട്. അത് ലഭ്യമാകാതിരിക്കുമ്പോൾ അവൻ ശുദ്ധപ്രകൃതിയിൽനിന്ന് തെറ്റിപ്പോകും

ഇന്നത്തെ ചിത്രവും വ്യത്യസ്തമല്ല. ലഹരിയിലും വിവാഹേതര ലൈംഗികതയിലും മറ്റു അധാർമികതകളിലും മുഴുകി ജീവിച്ച പലരും ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം അവയിൽനിന്നെല്ലാം മുക്തരായതിനും സമാധാന ജീവിതം നയിച്ചതിനും ഒട്ടേറെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അവരിൽ സ്ത്രീകളും പുരുഷൻമാരുമുണ്ട്. രണ്ടു ഘട്ടങ്ങളിലുമുള്ള അവരുടെ ജീവിതം ഇരുളും വെളിച്ചവും പോലെ വ്യത്യസ്തമാണ്.

എക്കാലത്തും എല്ലാ നാട്ടിലും ഇസ്‌ലാമിനെ ജീവിതമാർഗമായി സ്വീകരിച്ചവർ സമൂലമായ പരിവർത്ത

നത്തിനു വിധേയരായി. ഉടുത്തിട്ടും ഉടുക്കാത്ത മട്ടിലുള്ള വസ്ത്രധാരണ രീതി സ്വീകരിച്ച സ്ത്രീകൾ കൃത്യമായി ശരീരം മറച്ച് തങ്ങളുടെ ശരീരം പ്രദർശനത്തിനുള്ളതല്ല എന്ന് പറയാതെ പറഞ്ഞു, അന്യ സ്ത്രീ-പുരുഷ ഇടപെടലുകളിൽ മാന്യതയും സൂക്ഷ്മതയും പുലർത്തി, കടമകൾ നിർവഹിക്കുന്നവരും അവകാശങ്ങൾ വകവച്ചു കൊടുക്കുന്നവരുമായി മാറി... അങ്ങനെ മതം നൽകിയ സുരക്ഷിത ഭൂമികയിൽ അവർ സ്ത്രീകളും പുരുഷന്മാരും ഇണകളും കുടുംബാംഗങ്ങളും അയൽവാസികളും മതത്തിലെ സഹോദര-സഹോദരിമാരും മനുഷ്യ സമൂഹത്തിലെ അംഗങ്ങളുമായി സമാധാനത്തോടെ, മതത്തിന്റെ അതിരുകൾ പാലിച്ച് ജീവിച്ചു. ഇതാണ് ദൈവിക ധാർമിക നിയമങ്ങളുടെ നേട്ടവും വിജയവും.

ഇതിനെ തല്ലിയുടക്കാനുള്ള ശക്തമായ ഗൂഢശ്രമങ്ങൾ ഇന്ന് നമുക്കു ചുറ്റും നടക്കുന്നുണ്ട്. അതിന്റെ പുകപടലങ്ങൾ നമ്മുടെ വീടിന്റെ അകത്തളങ്ങളിലേക്ക് എത്തി നിൽക്കുമ്പോൾ അതിനെ നാം അറിയുകയും ഭയപ്പെടുകയും പ്രതിരോധം തീർക്കുകയും വേണം.

മതം അടിമത്തമാണ്, അപരിഷ്‌കൃതമാണ്, കാലത്തിന്റെ മാറ്റത്തിനനുസരിച്ച് മാറാത്ത യാഥാസ്ഥിതികതയാണ്, സ്വാതന്ത്ര്യവും പുരോഗതിയും മതത്തിന്റെ ചട്ടക്കൂട്ടിൽനിന്ന് പുറത്തുവരുമ്പോഴേ ലഭ്യമാവുകയുള്ളൂ എന്നൊക്കെയുള്ള തെറ്റായ പ്രചാരണമാണ് പുതുതലമുറക്കിടയിൽ ലിബറലിസ്റ്റുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. യുവമസ്തിഷ്‌കങ്ങളിലേക്ക് അധാർമിക ചിന്തകൾ അടിച്ചുകേറ്റാൻ ലിബറൽ വക്താക്കൾ രാപകലില്ലാതെ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിനായി അവർ പയറ്റുന്ന കുതന്ത്രങ്ങൾ ഏതൊക്കെയെന്ന് നാം തിരിച്ചറിയണം.



അൽപവസ്ത്രധാരണം, സ്ത്രീ-പുരുഷ സങ്കലനം, ലഹരിയുപയോഗം, കുടുംബ സംവിധാനത്തിൽനിന്ന് അകറ്റൽ, തുറന്ന ലൈംഗികത തുടങ്ങിയവ ഉദാഹരണം.

ഈവക കാര്യങ്ങൾ മാർക്കറ്റ് ചെയ്യുവാൻ ഇസ്‌ലാം വിരോധികളും അവരുടെ ചതിയിൽ വീണുപോയവരും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മാധ്യമം കലയാണ്. നാടകം, സിനിമ, സീരിയൽ അതിന്റെ മറ്റു വകഭേദങ്ങൾ പോലുള്ളവ ഉദാഹരണം. ഇവയിലൂടെ അധാർമികതകളെ മഹത്ത്വവത്കരിക്കാൻ ശ്രമിക്കുന്നു.

ഇവരുടെ പ്രവർത്തനം ക്യാമ്പസുകൾ കേന്ദ്രീകരിച്ചാണ് ഇന്ന് ഏറ്റവും കൂടുതൽ നടക്കുന്നത്. കാരണം മാറ്റങ്ങൾ കൊതിക്കുന്ന വിദ്യാർഥി യുവജനങ്ങളെ വളരെ വേഗം വഴിതെറ്റിക്കാൻ കഴിയും. അതിന് അവർ കണ്ടെത്തിയ കുറുക്കുവഴികൾ വഴികൾ പലതാണ്:

1) ആൺ-പെൺ വ്യത്യാസങ്ങളില്ലാത്ത ഇടപെടലുകൾക്ക് വാതിൽ തുറന്നുകൊടുക്കുക.

2) ലൈംഗിക ചോദനകൾ പ്രകൃതിപരമായതിനാൽ അതിന്റെ ഏതുവിധേനയുമുള്ള ആസ്വാദനങ്ങൾ വ്യക്തി സ്വാതന്ത്ര്യമാണെന്നും അതിന് വിലക്കേർപ്പടുത്തുന്നത് പരിഷ്‌കൃത സമൂഹത്തിനു ചേർന്നതല്ലെന്നും പ്രചരിപ്പിക്കുക.

3) ക്യാമ്പസ് പ്രണയങ്ങൾ എല്ലാ വിദ്യാർഥികളുടെയും അവകാശമാണെന്നു പ്രചരിപ്പിച്ചു. അതിനെ മഹത്ത്വവത്കരിച്ചു. അതിനായി സഹായസഹകരണവങ്ങൾ ആവോളം നൽകി. സാമർഥ്യം കുറഞ്ഞവർക്ക് 'പ്രണയപ്പെട്ടി' വെച്ചുകൊടുത്തു സഹായിച്ചു.

4) മുകളിൽ പറഞ്ഞ കാര്യങ്ങളിലുള്ള എതിർശബ്ദങ്ങളെ മതതീവ്രവാദത്തിന്റെയും മതമൗലികവാദത്തിന്റെയും ചായം പുരട്ടി അവതരിപ്പിച്ചു.

5) പുതുതലമുറയുടെ മനസ്സിൽ വിവാഹത്തോടും കുടുംബ ജീവിതത്തോടും വിരക്തിയും വെറുപ്പും വളർത്തിയെടുക്കാൻ ശ്രമിച്ചു.

### മാധ്യമങ്ങളുടെ പങ്ക്

ഈ രംഗത്തുള്ള മാധ്യമങ്ങളുടെ 'സേവനങ്ങൾ' എടുത്തു പറയേണ്ടതാണ്. പത്രമാധ്യമങ്ങൾക്ക് വായനക്കാരുടെയും കോപ്പികളുടെയും എണ്ണം വർധിപ്പിക്കണം. ചാനലുകൾക്ക് റേറ്റിംഗ് കൂട്ടണം. അതുവഴി പരസ്യവരുമാനം വർധി

പ്പിക്കണം. അതിനു വേണ്ടത് ഒഴുക്കിനൊപ്പം നീന്തലാണ്. ജനങ്ങൾ അഗ്രഹിക്കുന്നതെന്തോ അത് നൽകലാണ്. അതിനായി എരിവും പുളിയും മസാലയുമൊക്കെ ചേർത്ത വിഭവങ്ങൾ വിളമ്പുന്നു.

ഇതാണ് ഒട്ടുമിക്ക മാധ്യമങ്ങളും ചെയ്യുകൊണ്ടിരിക്കുന്നത്:

1) മത-ധാർമിക ചട്ടക്കൂടുകൾക്കുള്ളിലുള്ളതിനെയെല്ലാം അന്യവത്കരിക്കുകയോ മറച്ചുവെക്കുകയോ ചെയ്യുക.

2) വിവാഹപൂർവ ലൈംഗികത, നഗ്നതാ പ്രദർശനം, സ്വവർഗരതി, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയവയെയെല്ലാം സാമാന്യവത്കരിക്കുകയും മഹത്ത്വവത്കരിക്കുകയും ചെയ്യുന്ന പരിപാടികൾക്കും ഫീച്ചറുകൾക്കും രചനകൾക്കും മുൻതൂക്കം നൽകുക.

3) സ്ത്രീ-പുരുഷ സമത്വ വാദത്തിന്ന് അനുഗുണമായതിനെയെല്ലാം ദൃശ്യവത്കരിക്കുകയും സ്ത്രീ-പുരുഷ നീതിവാദത്തിന് പ്രാകൃതമുഖം നൽകുകയും ചെയ്യുക.

4) വ്യഭിചാരത്തെ നിസ്സാരവത്കരിക്കുക, അത് വ്യക്തി സ്വാതന്ത്ര്യത്തിൽ പെട്ടതാണെന്ന ധാരണ വളർത്തിയെടുക്കുക, അതിനെ ചോദ്യം ചെയ്യുന്നവരെ സദാചാര പൊലീസിങ് ആയി ഭീകരവത്കരിക്കുക.

ഇതെല്ലാം ആത്യന്തികമായി സമൂഹത്തിലുണ്ടാക്കുന്നത് വമ്പിച്ച പ്രശ്നങ്ങളാണ്. കുടുംബ സംവിധാനങ്ങളെ ശിഥിലമാക്കുന്നു. വ്യക്തിജീവിതത്തിൽ അശാന്തിയും രോഗങ്ങളും മാനസിക സംഘർഷങ്ങളും ഉണ്ടാക്കുന്നു.

ചിന്തിക്കുക, യഥാർഥ പുരോഗമനം സാധ്യമാകുന്നത് ധാർമിക മൂല്യങ്ങളെ വലിച്ചെറിയുന്നതിലൂടെയാണോ അതോ അവയുടെ ചേർത്തുപിടിക്കുന്നതിലൂടെയാണോ?

ഇന്നത്തെ സിനിമാമേഖലയിലെ നിലവിളികൾ ഈ വ്യാജ പുരോഗതി വാദങ്ങളുടെ കേവല പരിണാമങ്ങൾ മാത്രമാണ്. അരമന രഹസ്യം അങ്ങാടിപ്പാട്ടായെന്നു മാത്രം.

സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നതിൽനിന്നും കയ്യേറ്റം ചെയ്യപ്പെടുന്നതിൽ നിന്നും രക്ഷപ്പെടാൻ ഇസ്‌ലാം സമർപ്പിച്ച മൂല്യങ്ങളുടെ വേലിക്കെട്ടുകൾ പോളിച്ചെറിയാതെ ആരും ഇത്തരം ചതിക്കുഴിയിൽ വീഴുകയില്ല. ഏതാനും കാര്യങ്ങൾ സൂചിപ്പിക്കാം:

1) വാതിൽ മുട്ടാനും കൂടെ കിടക്കാനും അഡ്ജസ്റ്റ് ചെയ്യാനുമൊക്കെ ആവശ്യപ്പെടൽ ആൾക്കൂട്ടത്തിന്റെ നടുവിൽ നിന്ന് സാധ്യമാകില്ല, അതിനു പ്രൈവസി വേണം. ചൂഷണത്തിന് അവസരം നൽകുന്ന അത്തരം സ്വകാര്യതകൾ സമ്മാനിക്കുന്ന അവസരങ്ങൾ സൃഷ്ടിക്കുന്നതിനെതിരെ ഇസ്‌ലാം ജാഗ്രത പുലർത്തുന്നു. 'നിങ്ങളിലൊരാളും ഒരിക്കലും ഒരു സ്ത്രീയുമായി തനിച്ചാകരുത്; വിവാഹബന്ധം നിഷിദ്ധമായ ഒരു അടുത്ത ബന്ധു അവളുടെ കൂടെ ഉണ്ടായിക്കൊണ്ടല്ലാതെ' എന്ന നബിവചനം എത്രമേൽ പ്രസക്തമാണെന്ന് ചിന്തിക്കുക.

> മുഹമ്മദ് നബി(സ്വ)യുടെ വിളിക്ക് ഉത്തരം നൽകി ധാർമിക ചട്ടക്കൂടിലേക്ക് വന്നവരും അതിന്റെ മുമ്പുള്ള അവരുടെ ജീവിത വ്യവഹാരങ്ങളും എങ്ങനെയെന്നതിന്റെ ഒരു നേർചിത്രം നജ്ജാശി രാജാവിന്റെ ചോദ്യങ്ങൾക്ക് ജഅ്ഫർ(റ) നൽകിയ മറുപടിയിൽ പ്രകടമാണ്. ഞങ്ങൾ അജ്ഞരായ ഒരു ജനവിഭാഗമായിരുന്നു, ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു, ചത്തതിനെ ഭക്ഷിച്ചിരുന്നു, നികൃഷ്ട കാര്യങ്ങൾ ചെയ്തിരുന്നു, കുടുംബബന്ധം വിഛേദിച്ചിരുന്നു, ഞങ്ങളിലെ ശക്തൻ ദുർബലനെ അടിച്ചമർത്തിയിരുന്നു എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ തുറന്നുപറച്ചിൽ ഇസ്‌ലാം അവരിൽ വളർത്തിയെടുത്ത മാനവികമൂല്യങ്ങളും പുരോഗതിയും വ്യക്തമാക്കുന്നതാണ്. മുഹമ്മദ് നബി(സ്വ) ആ സമൂഹത്തിന് എന്തു നൽകി എന്നതും മതധാർമികത മനുഷ്യനെ പുരോഗമിപ്പിക്കുമോ അതോ അധഃപതിപ്പിക്കുമോ എന്നതും ഈ വിശദീകരണത്തിൽ തെളിയുന്നുണ്ട്

2) ഇസ്‌ലാം നിയമമാക്കിയ ഹിജാബ് സ്ത്രീകൾക്ക് ചൂഷണത്തിൽനിന്നും അതിക്രമങ്ങളിൽനിന്നും സംരക്ഷണം നൽകുന്നു:

"നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറ

യുക: അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ഖുർആൻ 33:59).

ഹിജാബ്, നോട്ടക്കാരോടും ആട്ടക്കാരോടും 'നിന്റെ ചൂഷണത്തിന് പാകപ്പെട്ടവളല്ല ഞാൻ' എന്ന് വിളിച്ചു പറയുന്ന മാന്യതയുടെ വേഷവിധാനമാണ്.

3) അന്നന്നത്തെ അന്നത്തിനായി എന്തു 'വിട്ടുവീഴ്'ക്കും വിധേയയായി ജോലിയെടുക്കേണ്ട നിർബന്ധിതാവസ്ഥയിൽനിന്ന് ഇസ്‌ലാം സ്ത്രീയെ സംരക്ഷിച്ചു. 'കുടുംബിനി' എന്ന സ്ഥാനം നൽകി എല്ലാ സാമ്പത്തിക ബാധ്യതകളിനും അവളെ മുക്തയാക്കി. അവൾ പുരുഷനാൽ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന് പ്രഖ്യാപിച്ചു. സാമ്പത്തിക ബാധ്യത വഹിക്കുന്നതിൽ നിൽബന്ധിതാവസ്ഥ ഇല്ലാതായതിലൂടെ അവൾക്ക് ചൂഷണത്തിൽനിന്നും രക്ഷ നേടാനായി. മക്കളോടുള്ള ബാധ്യത നിറവേറ്റുവാനും വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കുവാനും അവൾക്ക് മതിയായ സമയം അതിലൂടെ കിട്ടുന്നു.

4) ഇസ്‌ലാം ആണിനും പെണ്ണിനും പൂർണ വ്യക്തിതം വകവെച്ചു നൽകി. നന്മകൾക്ക് തുല്യ പ്രതിഫലനം വാഗ്ദാനം നൽകി; തിന്മകൾക്ക് തുല്യ ശിക്ഷയും.

"ആണാകട്ടെ പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്ന തല്ല"(4:124).

"വ്യഭിചരിക്കുന്ന സ്ത്രീ-പുരുഷൻമാരിൽ ഓരോരുത്തരെയും നിങ്ങൾ നൂറ് അടി അടിക്കുക" (24:2).

ഇത് പുരോഗമന വാദത്തിന്റെ മറവിൽ നടക്കുന്ന ഇരവാദത്തിന്റെ കാപട്യത്തെ പൊളിച്ചുകളയുന്നു. സർവ കുഴപ്പങ്ങളിലും തുല്യ പങ്കാളിത്തം വഹിച്ച്, അതിന്റെ നേട്ടങ്ങളല്ലാം പൂർണമായും ആസ്വദിച്ചശേഷം ഇരയെന്നു പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നതിൽ അർഥമില്ല.

ഇസ്‌ലാമിക നിയമങ്ങൾ പരിഷ്‌കരിക്കണം എന്ന് പറയുന്നവർ മനസ്സിലാക്കുക; ഈ ധാർമികത 14 നൂറ്റാണ്ടിലേറെ കാലമായി പ്രയോഗിച്ചുവരുന്നതും വിജയിച്ചതുമാണ്. അത് ഗുണകരമോ പ്രായോഗികമോ അല്ലായിരുന്നെങ്കിൽ എന്നേ കാലഹരണപ്പെട്ടുപോകുമായിരുന്നില്ലേ? എത്രയെത്ര പ്രത്യയശാസ്ത്രങ്ങൾ കാലഹരണപ്പെട്ടു പോയിട്ടുണ്ട്! ഇസ്‌ലാമിന്റെ ധാർമികത കാലത്തെ അതിജയിക്കുന്നതിന്റെ കാരണം അത് സർവജ്ഞനായ സ്രഷ്ടാവിൽനിന്നുള്ളതാണ് എന്നതാണ്.

ഇത് ഒരു വ്യക്തി സ്വീകരിച്ചാൽ അവൻ രക്ഷപ്പെടും. കുടുംബം സ്വീകരിച്ചാൽ കുടുംബത്തിനും സമൂഹം സ്വീകരിച്ചാൽ സമൂഹത്തിനും രാജ്യം സ്വീകരിച്ചാൽ രാജ്യത്തിനും രക്ഷ. യാതൊരുവിധ ദോഷവും അതുകൊണ്ട് ഉണ്ടാകില്ല.

എന്നാൽ ലിബറലിസത്തിന്റെ കാര്യമോ? എല്ലാവർക്കും അവരവർക്ക് ഇഷ്ടമുള്ളത് ചെയ്യാമെന്നതാണ് അതിന്റെ അടിസ്ഥാനവാദം. അതുമൂലം എന്താണ് സംഭവിക്കുക? അത് വ്യക്തികൾക്ക് ദോഷമാണ്, മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കുന്നു, ബന്ധങ്ങളെ ശിഥിലമാക്കുന്നു, തലമുറയെ നശിപ്പിക്കുന്നു.

താൻ അല്ലാഹുവിന്റെ ദാസനായ സൃഷ്ടിയാണ്, അവനിലേക്ക് മടങ്ങുന്നവനുമാണ് എന്ന തിരിച്ചറിവ് പ്രധാനമാണ്. മനുഷ്യന് അവന്റെ സ്രഷ്ടാവ് സ്വതന്ത്രമായ അസ്തിത്വം നൽകിയിരിക്കുന്നു. നന്മകൾ ചെയ്ത് ഉയരാനും തിന്മകൾ ചെയ്ത് അധമനാകാനും അവന് സാധിക്കും. ഈ ലോകത്തുവച്ച് ചെയ്ത നന്മ തിന്മകൾക്കുള്ള രക്ഷാശിക്ഷകൾ അവന് അനുഭവിക്കേണ്ടിവരും, അതിൽ യാതൊരു സംശയവുമില്ല.

"അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ഖുർആൻ 99:7,8).

അല്ലാഹു മനുഷ്യരെ ആണും പെണ്ണുമായാണ് സൃഷ്ടിച്ചിട്ടുള്ളത്. ഓരോരുത്തരും അവരവർക്കുള്ള ഇണകളെ കണ്ടെത്തി കുടുംബ ജീവിതം നയിക്കണം. അതിന് സ്രഷ്ടാവ് ചില നിയമങ്ങൾ നിശ്ചയിച്ചുതന്നിട്ടുണ്ട്. അത് പാലിക്കുന്നേടത്താണ് യഥാർഥ പുരോഗതിയും സുരക്ഷയും ഉണ്ടാവുക. ആ ദൈവിക നിയമം ലംഘിക്കുന്നപക്ഷം മനുഷ്യൻ നാശത്തിൽ പതിക്കുമെന്നതിൽ സംശയമില്ല. അതിന് കാലം സാക്ഷിയാണ്. അത് അല്ലാഹു ലോകത്തിനു കാണിച്ചുകൊടുത്തുകൊണ്ടിരിക്കും.

"പറയുക: അല്ലാഹുവിന് സ്തുതി. തന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. അപ്പോൾ നിങ്ങൾക്കവ മനസ്സിലാകും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യാതൊന്നിനെപ്പറ്റിയും നിന്റെ രക്ഷിതാവ് അശ്രദ്ധനല്ല" (27:93).

ചുരുക്കത്തിൽ, നമ്മുടെ വളരുന്ന തലമുറയെ തലതിരിഞ്ഞ പുരോഗതിയുടെ താത്കാലിക നേട്ടങ്ങളിൽനിന്ന് മുഖം തിരിച്ചു നിൽക്കാൻ പാകത്തിൽ വൈജ്ഞാനികമായി ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ഇസ്‌ലാമിക പഠന സംരംഭങ്ങളുമായി നമ്മുടെ തലമുറയെ എൻഗേജ്ഡ് ആക്കിയേ തീരൂ.

മുനവ്വർ ഫൈറൂസ്

“അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ചു കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു” -വി.ക്വുർആൻ




# നബിമാർ പ്രാർഥിച്ചത് ആരോട്?

പ്രവാചകന്മാരെല്ലാം അല്ലാഹുവോടു മാത്രം പ്രാർഥിച്ചവരാണെന്ന് കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. അവരുടെ ഏതാനും പ്രാർഥനകൾ കാണുകയും ചെയ്തു.

അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർഥിക്കാൻ പാടില്ല എന്നതിന് എത്രയോ തെളിവുകൾ ക്വുർആനിലും ഹദീസുകളിലും നമുക്ക് കാണുവാൻ സാധിക്കും.

അല്ലാഹു പറയുന്നു: “വല്ലവനും അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്ന പക്ഷം അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ. അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച” (ക്വുർആൻ 23:117).

അല്ലാഹുവിന് പുറമെ യാതൊന്നിനോടും പ്രാർഥിക്കാത്തവരാണ് അവന്റെ യഥാർഥ ദാസന്മാർ എന്ന് അല്ലാഹു നമ്മെ അറിയിച്ചിട്ടുമുണ്ട്:

“അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്നപക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും” (ക്വുർആൻ 25:68).

അല്ലാഹുവിനെ മാത്രം ആരാധിച്ച് ജീവിക്കുവാൻ സ്വന്തം നാട്ടിൽ കഴിയാതെ വന്നപ്പോൾ നാട് വിടാനൊരുങ്ങുകയും വഴിമധ്യെ ഒരു ഗുഹയിൽ അഭയം പ്രാപിക്കുകയും ചെയ്ത, ഗുഹാവാസികൾ (അസ്ഹാബുൽ കഹ്ഫ്) എന്നറിയപ്പെടുന്ന യുവാക്കളുടെ പ്രഖ്യാപനം ക്വുർആനിൽ കാണാവുന്നതാണ്:

“ഞങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവാകുന്നു. അവന്നു പുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നതേയല്ല, എങ്കിൽ (അങ്ങനെ ഞങ്ങൾ ചെയ്യുന്നപക്ഷം) തീർച്ചയായും

ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായിപ്പോകും എന്ന് അവർ എഴുന്നേറ്റുനിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്കു നാം കെട്ടുറപ്പ് നൽകുകയും ചെയ്തു. ഞങ്ങളുടെ ഈ ജനത അവന്നു പുറമെ പല ദൈവങ്ങളെയും സ്വീകരിച്ചിരിക്കുന്നു. അവരെ (ദൈവങ്ങളെ) സംബന്ധിച്ച് വ്യക്തമായ യാതൊരു പ്രമാണവും ഇവർ കൊണ്ടുവരാത്തതെന്താണ്? അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്!" (ക്വുർആൻ 18:14,15).

ഇതുപോലെ ആത്മാർഥമായി പ്രഖ്യാപിക്കുവാൻ ഓരോ സത്യവിശ്വാസിക്കും കഴിയേണ്ടതുണ്ട്. അല്ലാഹുവിനു ആരെ വിളിച്ചു പ്രാർഥിച്ചാലും ആ പ്രാർഥിക്കുന്നവൻ ഏറ്റവും വഴിപിഴച്ചവരാണ് എന്നാണ് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നന്നത്:

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" (ക്വുർആൻ 46:5,6).

മാത്രവുമല്ല, അത്തരം വഴിമാറിയ പ്രാർഥന അല്ലാഹുവിൽ പങ്കുചേർക്കുക എന്ന മഹാ ആക്രമമാണ്. അല്ലാഹുവിന് പുറമെയുള്ളവരെ വിളിച്ചു പ്രാർഥിച്ചാൽ അവർ ആ പ്രാർഥന കേൾക്കില്ലെന്നും ഉത്തരം നൽകില്ലെന്നും ക്വുർആൻ അറിയിക്കുന്നു. പരലോകത്തുവെച്ച് തങ്ങളെ വിളിച്ചു പ്രാർഥിച്ചതിനെ അവർ നിഷേധിക്കുകയും ചെയ്യും:

"നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ക്വുർആൻ 35:14).

പ്രാർഥന അല്ലാഹുവല്ലാത്തവർക്ക് നൽകൽ ശിർക്കാണ് അഥവാ അല്ലാഹുവിൽ പങ്കുചേർക്കലാണ് എന്നതാണ് ഉപരിസൂചിത വചനം അറിയിക്കുന്നത്. ഒരാൾ ശിർക്ക് ചെയ്താൽ അയാൾക്ക് സ്വർഗം നിഷിദ്ധവും നരകം നിർബന്ധവുമായിരിക്കും. അതുകൊണ്ട് അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക.

"(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല" (ക്വുർആൻ 72:20).

"പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്" (ക്വുർആൻ 72:18).

സൂറതുൽ ഫാതിഹയിലൂടെ നമസ്കാരത്തിൽ നാം ദിനേന പലതവണ ഇക്കാര്യം പ്രഖ്യാപിക്കുണ്ട് എന്നതോർക്കുക: "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" (ക്വുർആൻ 1:5).

എന്നാൽ നമസ്കാരശേഷം പലരും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്നത് ഖേദകരമായ വസ്തുതയാണ്.

അല്ലാഹുവല്ലാത്ത ശക്തികളെയും വ്യക്തികളെയും സചേതന-അചേതന വസ്തുക്കളെയും വിളിച്ചുപ്രാർഥിക്കുന്നതിലെ നിരർഥകത വളരെ ഭംഗിയായി, മനസ്സിൽ തട്ടുന്ന രൂപത്തിൽ ക്വുർആൻ നമുക്ക് പറഞ്ഞുതരുന്നുണ്ട്:

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല; അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (ക്വുർആൻ 22:73).

"അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു" (ക്വുർആൻ 13:14).

"അതെന്തു കൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർഥിക്കുന്നുവോ അതുതന്നെയാണ് നിരർഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ" (ക്വുർആൻ 22:62).

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



**ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ
നവോത്ഥാന നായകൻ**

26 02

# മലബാർ സമരം: വർഗീയ വ്യാഖ്യാനത്തിനെതിരെ ഇ.കെ. മൗലവി

**1924** ജൂലൈ 12ന് ഇ.കെ. മൗലവിയുടെ ഒരു വിയോജനക്കുറിപ്പ് പൂർണരൂപത്തിൽ പത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ കുറിപ്പിൽ ഹിന്ദു-മുസ്‌ലിം മൈത്രിക്കുതന്നെ പ്രസ്തുത ലേഖനങ്ങൾ ഭംഗം വരുത്തുമോ എന്ന ഭയത്താൽ 1923 മെയ് മാസത്തിൽ കെ.മാധവൻ നായരെ ഓഫീസിൽ ചെന്നു കണ്ട് സംസാരിച്ചിരുന്നുവെന്ന് ഇ.കെ. മൗലവി പറയുന്നുണ്ട്. 'ഈ ക്ഷോഭം അക്ഷരജ്ഞാനം സിദ്ധിച്ചിട്ടില്ലാത്ത പാമരജനങ്ങളുടെ ഇടയിലായതുകൊണ്ട് നിങ്ങളെപ്പോലുള്ള നേതാക്കൾ, അത്തരക്കാരുടെ വാദങ്ങൾ അനാവശ്യമായിരുന്നാലും ചില മഹത്തായ കാര്യസാധ്യത്തിനായി വകവെച്ചു കൊടുക്കേണ്ടതാണെന്നും ക്ഷോഭത്തിനിടവരാത്ത നിലയിൽ നിങ്ങളുടെ ലേഖന പരമ്പരയെ തുടർന്ന് പോകാനുള്ള അവസരത്തെ ഉണ്ടാക്കുവാനാണ് ഇപ്പോൾ ശ്രമിക്കേണ്ടതെന്നും' ഇ.കെ.മൗലവി മാധവൻനായരോട് ആവശ്യപ്പെട്ടതായി ആ ലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്. എന്നാൽ മാധവൻനായർ നൽകിയ



ന്നത് അദ്ദേഹത്തിന്റെ നിഷ്കളങ്കതകൊണ്ടായിരിക്കാം എന്ന് അഭിപ്രായപ്പെടുന്ന ഇ.കെ.മൗലവി ആ ലേഖനത്തിൽ വന്ന ചില തെറ്റുകളും കുറവുകളും വിനീതനായി ചൂണ്ടിക്കാട്ടിയാണ് മാതൃഭൂമിയിൽ എഴുതിയത്.(75)

കോൺഗ്രസ്, ഖിലാഫത്ത് സമരങ്ങളിൽ സജീവമായി പങ്കെടുക്കുകയും ത്യാഗങ്ങളനുഭവിക്കുകയും ചെയ്ത മാപ്പിള നേതാക്കളുടെ പേരുകൾ തന്റെ ലേഖനത്തിൽ പരാമർശിക്കാൻ മാധവൻ നായർ വിമുഖത കാണിച്ചിരുന്നു. ഈ ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ മാപ്പിളമാരുടെ പങ്കിനെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന സമീപനത്തെ ഇ.കെ മൗലവി വിമർശിക്കുന്നതായി കാണാം. തന്റെ ലേഖനത്തിൽ സ്കൂളും കോളേജും ഉപേക്ഷിച്ച് ഖിലാഫത്ത്, കോൺഗ്രസ് പ്രവർത്തനങ്ങൾക്കായി കേരളത്തിൽ എത്തിച്ചേർന്നവരുടെ പേരുകളിൽ അന്ന് ബി.എ (ഓണേഴ്സ്) ക്ലാസ് ഉപേക്ഷിച്ച് വന്ന മുഹമ്മദ് അബ്ദുറഹ്മാൻ, മെസ്സേർസ് എൻ.എ. അബ്ദുറഹ്മാൻ, എ.മുഹമ്മദ്, എ.കെ. മുഹമ്മദ്, കുഞ്ഞാമു തുടങ്ങിയവരെ ഒഴിവാക്കിയതിൽ തെറ്റിദ്ധാരണ വന്നിട്ടുണ്ട് എന്ന് ഇ.കെ മൗലവി തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.(76)

കോൺഗ്രസ്, ഖിലാഫത്ത് പ്രവർത്തനങ്ങളിൽ ത്യാഗങ്ങൾ അനുഭവിച്ച മാപ്പിള നേതാക്കളായ മുഹമ്മദ് അബ്ദുറഹ്മാനെയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ജനാബ് മൊയ്തീൻ കോയ, ഇ. മൊയ്തു മൗലവി, ജനാബ് ഹസ്സൻ കോയ മുല്ല, മുഹമ്മദ് കുട്ടി മുസ്ലിയാർ, മുഹമ്മദ് ഹാജി, എ.കെ. മാഹിൻ ഹാജി, കെ. കാതൃകുട്ടി, എം. ഹുസൈൻ കുട്ടി എന്നിവരെ എടുത്ത് കാണിക്കാതിരുന്നതും മാധവൻ നായരുടെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചയായും ഇ.കെ മൗലവി പരാമർശിക്കുന്നുണ്ട്.(77)

കോൺഗ്രസ്, ഖിലാഫത്ത് സമരങ്ങളിൽ സജീവമായി പങ്കെടുക്കുകയും ത്യാഗങ്ങളനുഭവിക്കുകയും ചെയ്ത മാപ്പിള നേതാക്കളുടെ പേരുകൾ തന്റെ ലേഖനത്തിൽ പരാമർശിക്കാൻ മാധവൻ നായർ വിമുഖത കാണിച്ചിരുന്നു. ഈ ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ മാപ്പിളമാരുടെ പങ്കിനെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന സമീപനത്തെ ഇ.കെ മൗലവി വിമർശിക്കുന്നതായി കാണാം.

മറുപടി നിരാശയുളവാക്കുന്നതായിരുന്നു. 'മി. കെ.പി. കേശവമേനോൻ ഇവിടെ ഇല്ല. അദ്ദേഹം വന്ന ഉടനെ ഞങ്ങൾ ഗാഢമായി ആലോചിച്ചു വേണ്ടതുപോലെ ചെയ്യുന്നതാണ്' എന്ന മറുപടിയാണ് മാധവൻ നായരിൽനിന്നും ലഭിച്ചത് എന്ന കാര്യം ഇ.കെ.മൗലവി ആ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്.

വസ്തുതകൾക്കു നിരക്കാത്ത പരാമർശങ്ങൾ മാധവൻനായരുടെ ലേഖനങ്ങളിൽ കടന്നുവന്നിട്ടുണ്ടെന്ന രൂക്ഷമായ ആരോപണത്തിന്റെ ഫലമായി മാതൃഭൂമി ആ വിവരണം പ്രസിദ്ധീകരിക്കുന്നത് നിർത്തിവച്ചുവെങ്കിലും പിന്നീട് 1923 ഡിസംബർ 1 മുതൽ 'മലബാറിലെ മാപ്പിള ലഹള' എന്ന പേരിൽ ആ ലേഖനം തുടർന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. ലേഖന പരമ്പര തുടർ

പൊന്നാനിയിൽ നടന്ന ഖിലാഫത്ത് സമ്മേളനത്തെക്കുറിച്ചും തെറ്റിദ്ധാരണ പരത്തുന്ന വിധത്തിലാണ് മാധവൻ നായർ തന്റെ ലേഖനത്തിൽ എഴുതിയത്. അദ്ദേഹം എഴുതിയത് ഇപ്രകാരമായിരുന്നു:

“ഇതിനിടയിൽ കല്പകഞ്ചേരി വെച്ച് അതിഗംഭീരമായ ഒരു ഖിലാഫത്ത് യോഗം കൂടുകയുണ്ടായി. ഇരുപതിനായിരത്തിൽ പരം ജനങ്ങൾ ഈ യോഗത്തിൽ സന്നിഹിതരായിരുന്നു. കെ.പി. കേശവമേനോൻ മുതലായവർ ഈ യോഗത്തിൽ സഹകരണ ത്യാഗത്തെപ്പറ്റിയും അക്രമരാഹിത്യത്തെപ്പറ്റിയും സാരവത്തായ പ്രസംഗങ്ങൾ ചെയ്തു. അതിനുശേഷമാണ് പൊന്നാനിയിൽ വെച്ചു മറ്റൊരു യോഗം കൂടിയത്. ഈ യോഗം ഖിലാഫത്ത് പ്രസ്ഥാനം ദുഷിച്ചുപോയതിന്റെ പല ലക്ഷണങ്ങളും വെളിവാക്കി. ദൂര ദിക്കിൽ നിന്നു ഘോഷയാത്രയായി വളരെ മാപ്പിളമാർ ഈ യോഗത്തിൽ ഹാജരായിരുന്നു. അതിൽ വളണ്ടിയർമാർ എന്നു പേർ പറഞ്ഞിരുന്ന ചിലർ ആയുധപാണികളായി വന്നിരുന്നുവെന്നാണ് സൂക്ഷ്മമായി അറിയുന്നത്. ഇവർ പൊലീസുകാരുടെ നേരെ ചില അക്രമങ്ങളും പ്രവർത്തിച്ചു. പക്ഷേ, ആ സന്ദർഭത്തിൽ പൊലീസുകാർ ഇവരുടെ അക്രമപ്രവൃത്തിയെ ക്ഷമിക്കുകയാണുണ്ടായത്. പൊലീസുകാർ ഒറ്റപ്പാലത്തു പ്രകടിപ്പിച്ച മനോഭാവം പൊന്നാനിയിൽ പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ പൊന്നാനി ഒരു വമ്പിച്ച ലഹളയുടെ രംഗമായിത്തീരുവാൻ സംഗതി വരുമായിരുന്നു. ഈ വർത്തമാനം പിന്നീടറിവാൻ ഇടവന്ന ചില കോൺഗ്രസ്സ് പ്രവർത്തകന്മാർ പൊന്നാനിയിൽ പ്രത്യക്ഷപ്പെട്ട ദോഷചിഹ്നങ്ങളെ ശരിയായി മനസ്സിലാക്കി, അവയെ ഉന്മൂലച്ഛേദം ചെയ്യാൻ വേണ്ടുംവണ്ണം പരിശ്രമിച്ചില്ലെന്നു പശ്ചാത്തപിച്ചതായി ഞാൻ അറിഞ്ഞിട്ടുണ്ട്.”(78)

പൊന്നാനിയിലെ ഖിലാഫത്ത് സമ്മേളനത്തെ അപഹസിക്കുന്ന തരത്തിലാണ് മാധവൻ നായരുടെ വാക്കുകൾ പത്രത്തിൽ അച്ചടിച്ചു വന്നത്. മാധവൻനായരുടെ ഈ പരാമർശങ്ങൾക്കെതിരെ ഇ.കെ. മൗലവി മാതൃഭൂമി പത്രത്തിൽ തന്നെ ശക്തമായി പ്രതികരിക്കുകയുണ്ടായി. മൗലവിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു:

“അദ്ദേഹം ഉദ്ദേശിക്കുന്ന യോഗം ഉലമാസംഘത്തിന്റെ ഒരു വിശേഷാൽ യോഗമാണെങ്കിൽ അതിൽ 20,000ൽപരം ആളുകൾ പങ്കെടുത്തിട്ടും ഒരു കുഴപ്പവും ഉണ്ടായില്ലെന്ന് മാത്രമല്ല, വളരെ ഭംഗിയായി കലാശിച്ചു. ദൂരപ്രദേശങ്ങളിൽനിന്നും വളരെ മാപ്പിളമാർ അവിടെ വന്നത് ശരിതന്നെ. പക്ഷേ, അന്ന് രാവിലെ 10 മണിക്ക് തന്നെ ഘോഷയാത്രക്ക് നിരോധന കല്പന വന്നുകഴിഞ്ഞതിനാൽ പറഞ്ഞമാതിരി ആയുധപാണികളായ വളന്റിയർമാർ അങ്ങനെ നടത്തിയെങ്കിൽ അവിടെ അറസ്റ്റ് ഉണ്ടാകേണ്ടതാണ്. അങ്ങനെയൊന്നും നടന്നിട്ടില്ല. അതുപോലെ പൊലീസുകാരെ ആക്രമിച്ചു വെന്നു പറയുന്നത് തെറ്റാണ്. ആലി മുസ്‌ലിയാരും കൂട്ടരും അങ്ങാടിപ്പാലത്തിനു അടുത്തെത്തിയപ്പോൾ പൊലീസാണ് അവരെ തടഞ്ഞതും ദേഹോപദ്രവം ഏൽപിച്ചതും. അതിനു പകരക്രിയക്കൊരുങ്ങിയത് സഹകരണ ത്യാഗ സിദ്ധാന്തത്തിനു എതിരാണ്. ഈ വസ്തുത മറ്റു ഉദ്യോഗസ്ഥരും ഡെപ്യൂട്ടി സൂപ്രണ്ടായിരുന്ന മി.പി.ആമു സാഹിബും പൊന്നാനി സബ് ഇൻസ്പെക്ടറും അന്വേഷിച്ചറിയുകയും സമ്മതിക്കുകയും ചെയ്തതാണ്. ആ സമയം മൊയ്തു മൗലവിയും മുഹമ്മദ് അബ്ദുറഹ്മാനും സ്ഥലത്തെത്തി അക്രമം പ്രവർത്തിച്ചവരെ പിരിച്ചയക്കുകയും ചെയ്തത് എത്ര സ്തുതിച്ചാലും അധികമായി പോയെന്നു വരില്ല. കൂടാതെ, മുൻ ലേഖനങ്ങളിലും ഇതുപോലെ പല പിശകുകളും വന്നുപോയതിൽ വേണ്ടിവന്നാൽ ഒരു വിമർശനം ചെയ്യുവാൻ തയ്യാറാണ്.”(79)

മാതൃഭൂമിയിൽ ഇ.കെ. മൗലവി എഴുതിയ ഈ ലേഖനം അവസാനിപ്പിക്കുന്നത്, ഇനി മേലാൽ അത്തരം ആക്ഷേപങ്ങൾക്ക് ഇടവരാതിരിക്കാൻ ശ്രമിക്കണമെന്ന് മി. മാധവൻ നായരോടും എന്തെങ്കിലും കാണുമ്പോൾ ക്ഷോഭിച്ചു വശാകുന്ന സ്വഭാവം വെടിയണമെന്ന് പൊതുജനങ്ങളോടും അപേക്ഷിച്ചുകൊണ്ടായിരുന്നു.(80)

ഇ.കെ.മൗലവിയുടെ പരാമർശങ്ങൾക്ക് മാധവൻ നായർ നൽകിയ മറുപടി ഇതേ പത്രത്തിൽ തന്നെ താഴെയായി പ്രസിദ്ധീകരിച്ചിരുന്നു. ആ ലേഖനത്തിൽ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ പേര് വിട്ടുപോയതിൽ ഖേദം പ്രകടിപ്പിക്കുകയും അദ്ദേഹത്തെ വാഴ്ത്തുന്നതോടൊപ്പം കോൺഗ്രസ് ഖിലാഫത്ത് പ്രവർത്തനങ്ങൾക്കു മുന്നിൽ നിന്ന തയ്യിൽ മുഹമ്മദ്

മലബാർ കലാപത്തെ ഒരു ജനതയുടെ സ്വാതന്ത്ര്യദാഹമായി തന്നെയാണ് അദ്ദേഹം കാണുന്നത്. വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയോട് അഭിപ്രായ വ്യത്യാസം നിലനിൽക്കുമ്പോഴും അദ്ദേഹത്തിന്റെ ധീരതയെയും ഉദ്ദേശ്യ ശുദ്ധിയെയും പ്രശംസിക്കുകയാണ് മാധവൻ നായർ. "കുഞ്ഞഹമ്മദ് ഹാജിയുടെ പ്രവൃത്തിപഥം പിഴച്ചിരുന്നെങ്കിലും അയാൾ സാധാരണക്കാരിൽ എത്രയോ ഉപരിയുള്ള ഒരു ദേശാഭിമാനിയും മതാഭിമാനിയും ആയിരുന്നെന്ന് പറയുന്നത് തൽക്കാലം പലർക്കും നിന്ദ്യമായി തോന്നിയാലും പരമാർത്ഥമാണെന്ന് കാലാന്തരേണ ജനങ്ങൾക്ക് ബോധ്യപ്പെടും" (പേജ് 270).

കുട്ടി മുസ്‌ലിയാർ (കെ.എം. മൗലവി), ഹസ്സൻ കോയ മുല്ല മുതലായവരെ ഒരിക്കലും മറക്കാൻ പാടില്ലെന്ന് സമ്മതിക്കുകയും ചെയ്യുന്നുണ്ട്.

സമരങ്ങളെ തന്നെ കലുഷിതമാക്കി പൊലീസ്-പട്ടാള തേർവാഴ്ചക്ക് അവസരമൊരുക്കിയ കെ.മാധവൻ നായരുടെ മുൻധാരണയോടുകൂടിയുള്ള നിർദേശങ്ങളും ഒത്തുതീർപ്പ് വ്യവസ്ഥകളും ഹിന്ദു-മുസ്‌ലിം ഐക്യത്തിന് താൽക്കാലികമായെങ്കിലും വിള്ളലേൽപിച്ചു എന്നു പറഞ്ഞാൽ അത് തെറ്റാവുകയില്ല. മാതൃഭൂമിയിൽ മാധവൻ നായർ എഴുതിയ ലേഖനങ്ങൾക്കെതിരെ അക്കാലത്ത് വിവിധ കോണുകളിൽനിന്നും വിമർശനങ്ങളുയർന്നിരുന്നുവെങ്കിലും പിൽക്കാലത്ത് അത് കെട്ടടങ്ങി. 1933 വരെയുള്ള അദ്ദേഹത്തിന്റെ ജീവിതകാലത്ത് അത് പുസ്തകരൂപത്തിൽ പ്രസിദ്ധികരിച്ചിരുന്നില്ല. എന്നാൽ മുപ്പത്തിയെട്ടു വർഷങ്ങൾക്കു ശേഷം 1971ലാണ് മാധവൻനായരുടെ പത്നി അദ്ദേഹത്തിന്റെ ലേഖനങ്ങൾ 'മലബാർ കലാപം' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയത്. അതിനുശേഷം ആ പുസ്തകത്തിലെ പല പരാമർശങ്ങളെക്കുറിച്ചും വീണ്ടും ചർച്ചകളുയർന്നു. മാധവൻ നായരുടെ ലേഖനങ്ങളിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, മലബാർ സമരത്തിൽ അദ്ദേഹത്തോടൊപ്പം പങ്കെടുത്ത ഇ. മൊയ്തുമൗലവി 'ചരിത്രചിന്തകൾ' എന്ന ലഘുഗ്രന്ഥം പ്രസിദ്ധീകരിച്ചു. പ്രൊഫ. എം.പി.എസ് മേനോനും മാധവൻനായർക്കെതിരെ വിമർശനമുന്നയിച്ചിരുന്നു. 'നേരിട്ട് അറിയാത്ത കാര്യങ്ങളെക്കുറിച്ച് അബദ്ധങ്ങൾ പറയുന്നതിൽ മാധവൻ നായർ വിദഗ്ധനായിരുന്നു'വെന്ന് അദ്ദേഹത്തിന്റെ ചില അസത്യ പ്രസ്താവങ്ങളിൽനിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ് എന്നാണ് അദ്ദേഹം എഴുതിയത്. പ്രൊഫ. എം.പി. എസ് മേനോൻ ഇതിന് ഉദാഹരണമായി ചില കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. 1921 ആഗസ്ത് 20, 21 തീയതികളിൽ തിരൂരങ്ങാടിയിൽ നടന്ന അക്രമസംഭവങ്ങളെ പരാമർശിക്കുന്ന കൂട്ടത്തിൽ 'എം.പി. നാരായണ മേനോന്റെ ഭാര്യവീട്ടുകാരെപ്പോലും വെറുതെ വിട്ടില്ല' എന്ന് മാധവൻ നായർ പറഞ്ഞത് അസംബന്ധമാണെന്നദ്ദേഹം കൃത്യമായി വിവരിക്കുന്നുണ്ട്. ഹിന്ദു-മുസ്‌ലിം മൈത്രിക്ക് ഭംഗം വരുത്തുന്ന ഇത്തരത്തിലുള്ള ഒട്ടേറെ പരാമർശങ്ങൾ അദ്ദേഹത്തിന്റെ രചനകളിൽ കടന്നുവന്നത് സ്വാതന്ത്ര്യസമര ചരിത്രത്തിൽ ജാലിയൻ വാലാബാഗ്, ചൗരിചൗരാ സംഭവങ്ങളെക്കാൾ ഉജ്വലമായി മാറേണ്ടിയിരുന്ന മലബാർ കലാപത്തെ നിഷ്പ്രഭമാക്കുന്നതിൽ അനല്പമായ പങ്കുവഹിച്ചിട്ടുണ്ട്.

മലബാർ കലാപകാലത്ത് ജീവിച്ചിരിക്കുകയും ഖിലാഫത്ത്-നിസ്സഹകരണ സമരത്തിന് നേതൃത്വം നൽകിയ പ്രസ്ഥാനത്തിന്റെ സമുന്നത നേതാവായി അതിന്റെ ഭാഗമാവുകയും ചെയ്ത ഒരു വ്യക്തിയുടെ വിവരണങ്ങൾ എന്ന നിലയിൽ, അദ്ദഹത്തിന്റെ ലേഖനങ്ങളിൽ എത്രതന്നെ അസത്യങ്ങൾ ഉണ്ടായിരുന്നാലും, ഏതൊരാളും അത് വിശ്വസിച്ചുപോകുമെന്നത് യാഥാർഥ്യം. മാധവൻനായരുടെ ലേഖനങ്ങളെ വിമർശിച്ചുകൊണ്ട് അക്കാലത്തുതന്നെ ഇ.കെ.മൗലവി അൽഅമീനിലും മാതൃഭൂമിയിലും എഴുതിയിരുന്ന ലേഖനങ്ങൾ കൂടി ചേർത്തുവച്ചുകൊണ്ടുള്ള ചരിത്ര വായനയിലൂടെ മാത്രമെ മാധവൻ നായർ വികലമാക്കിയ മലബാർ കലാപത്തിന്റെ യഥാർഥ ചിത്രം മനസ്സിലാക്കാനാവൂ എന്നതിൽ സംശയമില്ല.

എത്രതന്നെ അസത്യങ്ങൾ മാധവൻ നായരുടെ കൃതിയിലുണ്ടായാലും ആ പുസ്തകം അപ്പാടെ വർഗീയമാണെന്നു പറഞ്ഞു തള്ളുന്നത് നീതികേടാവും. മലബാർ കലാപത്തിൽ ഇന്ന് സംഘ്പരിവാർ പ്രചരിപ്പിക്കുന്നതുപോലുള്ള ഹിന്ദുവിരുദ്ധതയൊന്നും മാധവൻ നായരുടെ പുസ്തകത്തിൽ കാണാനാവില്ലെന്നതാണ് വാസ്തവം. മാപ്പിളമാരിൽനിന്ന് ഹിന്ദു

ഹിന്ദു-മുസ്‌ലിം തുല്യനീതിയിൽ അധിഷ്ഠിതമായ വാരിയൻകുന്നത്തിന്റെ ഭരണത്തെ കുറിച്ചും അകാരണമായി കൊള്ളയും അക്രമണങ്ങളും അഴിച്ചുവിട്ടവർക്ക് അദ്ദേഹം നൽകിയ ശിക്ഷയെ കുറിച്ചും മാധവൻ നായർ ഉദ്ധരണികൾ സഹിതം വിശദീകരിക്കുന്നതും അദ്ദേഹത്തിന്റെ കൃതി പൂർണമായും തള്ളിക്കളയാനാവില്ല എന്ന് വ്യക്തമാക്കുന്നു.

ക്കൾക്ക് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ വിവരിക്കുമ്പോഴും കലാപത്തെ അദ്ദേഹം വർഗീയമായി ചിത്രീകരിക്കുന്നില്ല. അക്രമണങ്ങൾ നടത്തിയ മാപ്പിളമാരുടെ പ്രചോദനം വിശുദ്ധ ഖുർആനോ പ്രവാചകനോ ആയിരുന്നില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. “നിർബന്ധമായി മതത്തിൽ ചേർക്കുന്നത് തെറ്റാണെന്നു ഇസ്‌ലാം ഘോഷിക്കുന്നുണ്ടെങ്കിലും അക്കാര്യത്തിൽ അവർ മാതൃകയാക്കിയത് മുഹമ്മദ് നബിയെയല്ല” (പേജ് 20).

“വിദ്യാഭ്യാസം നൽകുകയും മതത്തെ ഉത്തമമായ രൂപത്തിൽ പഠിപ്പിക്കുകയും ചെയ്താൽ ഇവർ ഇന്ത്യാരാജ്യത്തിലുള്ള ഏതു സമുദായത്തോടും കിടപിടിക്കുവാൻ പ്രാപ്തന്മാരായിത്തീരുന്നതാണ്. പക്ഷേ, നാട്ടുകാരാവട്ടെ ഇവരെ പരിഷ്കരിക്കുന്ന കാര്യത്തിൽ യാതൊരു ശ്രമവും ഇതുവരെ ചെയ്തിട്ടില്ല” (പേജ്.12)

വിശുദ്ധ ഖുർആൻ ഉദ്ധരിച്ചുകൊണ്ട് ഹിന്ദു-മുസ്‌ലിം മൈത്രി ഊട്ടിയുറപ്പിക്കാൻ ശ്രമിച്ച മുസ്‌ലിം പണ്ഡിതന്മാരെ പ്രശംസിക്കാനാണ് മാധവൻ നായർ ശ്രമിച്ചത്: “മാപ്പിളമാർക്ക് ഏറ്റവും ബഹുമാനമുണ്ടായിരുന്ന മൗലവികളായിരുന്നു പ്രസംഗപീഠങ്ങളിൽനിന്ന് ഖുർആനെ ആസ്പദമാക്കി ഹിന്ദുക്കളെ മുസൽമാൻമാർ സ്നേഹിക്കേണ്ടതാണെന്നു ശക്തിമത്തായി പ്രസംഗം ചെയ്തിരുന്നത്. അക്രമരാഹിത്യത്തെപ്പറ്റിയായിരുന്നു അവർ സകലരേയും ഉപദേശിച്ചിരുന്നത്. നേതാക്കന്മാർ ചെയ്യുന്ന സകല ഉപദേശത്തേയും അനുസരിപ്പാൻ മാപ്പിളമാർ തയ്യാറായിരുന്നു. അക്രമംകൊണ്ടു യാതൊരു ഫലവും സിദ്ധിക്കുന്നതല്ലെന്നു അവർക്ക് ക്രമേണ ബോദ്ധ്യപ്പെടുവാൻ തുടങ്ങിയിരുന്നു” (പേജ് 71).

മാപ്പിളമാരുടെ ആക്രമണങ്ങൾക്ക് ഹിന്ദുക്കൾ ഇരയായതിന്റെ പ്രധാന കാരണം അദ്ദേഹം വിശദീകരിക്കുന്നത് മാപ്പിളമാരെ പട്ടാളം അക്രമിക്കുമ്പോൾ ഹിന്ദുക്കൾ ഒപ്പം കൂടിയതിനാലും മാപ്പിളയുടെ ദൃഷ്ടിയിൽ തന്റെ അധ്വാനത്തിന്റെ ഫലം അനുഭവിക്കുന്ന വസ്തു ഉടമസ്ഥരായ ഹിന്ദുക്കളായിരുന്നതിനാലും ആയിരുന്നു. ജന്മികളിൽ അധികവും ഹിന്ദുക്കളായിരുന്നല്ലോ.

അതോടൊപ്പം ബ്രിട്ടീഷുകാരോട് കൂറ് പുലർത്തിയ ഹിന്ദുക്കളും മാപ്പിളമാരായ ചേക്കുട്ടിയേയും അയ്യൂഹാജിയേയും പോലെയുള്ളവരും മാപ്പിളമാരുടെ ശത്രുക്കളായിരുന്നു എന്നും അദ്ദേഹം പറഞ്ഞുവെക്കുന്നു.

മാത്രമല്ല, മലബാർ കലാപത്തെ ഒരു ജനതയുടെ സ്വാതന്ത്ര്യദാഹമായി തന്നെയാണ് അദ്ദേഹം കാണുന്നത്. വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയോട് അഭിപ്രായ വ്യത്യാസം നിലനിൽക്കുമ്പോഴും അദ്ദേഹത്തിന്റെ ധീരതയേയും ഉദ്ദേശ്യ ശുദ്ധിയെയും പ്രശംസിക്കുകയാണ് മാധവൻ നായർ. “കുഞ്ഞഹമ്മദ് ഹാജിയുടെ പ്രവൃത്തിപഥം പിഴച്ചിരുന്നെങ്കിലും അയാൾ സാധാരണക്കാരിൽ എത്രയോ ഉപരിയുള്ള ഒരു ദേശാഭിമാനിയും മതാഭിമാനിയും ആയിരുന്നെന്ന് പറയുന്നത് തൽക്കാലം പലർക്കും നിന്ദ്യമായി തോന്നിയാലും പരമാർത്ഥമാണെന്ന് കാലാന്തരേണ ജനങ്ങൾക്ക് ബോധ്യപ്പെടും” (പേജ് 270).

ഹിന്ദു-മുസ്‌ലിം തുല്യനീതിയിൽ അധിഷ്ഠിതമായ വാരിയൻ കുന്നത്തിന്റെ ഭരണത്തെ കുറിച്ചും അകാരണമായി കൊള്ളയും അക്രമണങ്ങളും അഴിച്ചുവിട്ടവർക്ക് അദ്ദേഹം നൽകിയ ശിക്ഷയെ കുറിച്ചും മാധവൻ നായർ ഉദ്ധരണികൾ സഹിതം വിശദീകരിക്കുന്നതും അദ്ദേഹത്തിന്റെ കൃതി പൂർണമായും തള്ളിക്കളയാനാവില്ല എന്ന് വ്യക്തമാക്കുന്നു.

*(തുടരും)*


*അവലംബം:*

*75. മാതൃഭൂമി, 1924 ജൂലായ് 12.*

*76. മാതൃഭൂമി, 1924 ജൂലായ് 12.*

*77. മാതൃഭൂമി, 1924 ജൂലായ് 12.*

*78. മാതൃഭൂമി, 1924 ജൂലായ് 12.*

*79. മാതൃഭൂമി, 1924 ജൂലായ് 12.*

*80. മാതൃഭൂമി, 1924 ജൂലായ് 12*

മൂസ സ്വലാഹി കാര
: 97473 45768

### ആദർശത്തിനു പരിക്കേൽപിച്ചവർ ആര്? (2)

# ഹദീസ് നിഷേധം വെറും ആരോപണമോ?

അഹ് ലുസ്സുന്നയിൽനിന്ന് വ്യതിചലിച്ച മുഅ്തസിലിയാക്കൾ ഹദീസുകളെ തള്ളാൻ പ്രധാനമായും പറഞ്ഞ കാരണങ്ങൾ അവലംബിച്ച് ചേകനൂർ മൗലവിക്ക് ശേഷം കേരളത്തിൽ നിഷേധ പ്രവണത തുടർന്നത് അബ്ദുസ്സലാം സുല്ലമിയായിരുന്നു എന്ന വസ്തുത സമൂഹം അറിഞ്ഞതിൽ ശബാബുകാരൻ സങ്കടപ്പെടുന്നത് കാണുക:

"ഹദീസ് നിഷേധമെന്ന ഗുരുതരമായ ആരോപണം അവർ അദ്ദേഹത്തിനെതിരിലും അദ്ദേഹം നിലകൊള്ളുന്ന പ്രസ്ഥാനത്തെ കുറിച്ചും നാടുനീളെ പാടി നടന്നു. ഇതിനായി മുജാഹിദ് പ്രസ്ഥാനം യഥാസമയം കൃത്യമായി മറുപടി നൽകി മുനയൊടിച്ച ആരോപണങ്ങളാണ് അവർ പൊടിതട്ടിയെടുത്തത്.

ചേകനൂർ മൗലവിയുടെ നേതൃത്വത്തിൽ യഥാർഥ ഹദീസ് നിഷേധം കേരളത്തിൽ തല പൊക്കിയപ്പോൾ കൃത്യമായ പ്രമാണങ്ങളുടെ ബലത്തിൽ അതിനെതിരിരിൽ ശക്തമായി സ്റ്റേജിലും പേജിലും നിറഞ്ഞുനിന്ന അബ്ദുസ്സലാം സുല്ലമിയെ ഹദീസ് നിഷേധിയായി ആരോപിക്കാൻ കേരളത്തിലെ മുസ്‌ലിയാക്കന്മാരെ കൂട്ടുപിടിക്കുകയായിരുന്നു" (ശബാബ്/2024 ആഗസ്റ്റ് 16/പേജ് 34).

ചേകനൂരിന്റെയും സുല്ലമിയുടെയും ഹദീസ് നിഷേധ സാമ്യതകൾ പുറത്തിട്ടപ്പോൾ അതിനെയെല്ലാം 'നിരൂപണം' എന്ന ഓമനപ്പേരിട്ട് ആദരിക്കാനും അതേ അവസ്ഥ തുടരാനും തുനിഞ്ഞ ഇവർ അവസാനം ചേകനൂരിന് നവോത്ഥാന നായക പട്ടവും നൽകി. ഇവരുടെ ഹദീസ് നിഷേധത്തിന്റെ ആഴവും പരപ്പും ബോധ്യപ്പെടാൻ ചില ഉദാഹരണങ്ങൾ കൂടി വായിക്കാം:

"ഖുർആനും ഹദീസും ഒരേ പ്രഭവ കേന്ദ്രത്തിൽ നിന്നാണെന്നും അവ രണ്ടിന്റെയും പ്രാമാണികതയിൽ വ്യത്യാസമില്ലെന്നുമുള്ള അത്യന്തം ഗുരുതരമായ വാദമുഖങ്ങൾ അവർ സമൂഹത്തിൽ നിരത്തി" (ശബാബ് 2013 ജൂൺ 14/പേജ് 7).

"അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് (അല്ലാഹുവിൽനിന്നുള്ള) സന്ദേശമായി നൽകപ്പെടുന്നത് മാത്രമാകുന്നു" (53:3,4) എന്ന ക്വുർആൻ സൂക്തത്തിന്റെ ആശയമെന്താണെന്ന് വായനക്കാർ ചിന്തിക്കുക.

ഉമർ സുല്ലമി എഴുതുന്നു: "ശൈത്വാനെക്കുറിച്ച് പല ഹദീസുകളിലും വന്നിട്ടുണ്ട്. എല്ലായിടത്തും ശൈത്വാൻ എന്നാൽ ഒരേ അർഥത്തിലല്ല. ബുദ്ധി ഉപയോഗിക്കുന്നതിലൂടെയാണ് അത് മനസ്സിലാക്കാനൊക്കുക. നേരം വൈകുന്നേരമായാൽ കുട്ടികളെ പുറത്തിറക്കരുതേ, സ്ത്രീകൾ പുറത്തിറങ്ങരുതേ ശൈത്വാനുണ്ടാകും എന്നു ചില ഹദീസുകളിൽ കാണാം. ഈ ശൈത്വാൻ ജിന്ന് വിഭാഗത്തിൽ പെട്ട ഭൂതം ഉണ്ടാകും എന്ന അർഥത്തിലാവില്ലല്ലോ. വാതിലടച്ചാൽ ഉള്ളിൽ കേറാൻ കഴിയാത്ത ശൈത്വാനെക്കുറിച്ചാ

ണല്ലോ ഇപ്പറഞ്ഞത്. ഉപദ്രവം വരുത്തുന്ന ജീവജാലങ്ങളോ മനുഷ്യരോ ഒക്കെയാണ് ഈ ശൈത്വാൻ. രക്തം സഞ്ചരിക്കുന്നിടത്തുള്ള, മനസ്സിൽ വസ്‌വാസുണ്ടാക്കുന്ന ശൈത്വാനെ വാതിലടച്ച് തടയാനാവില്ലല്ലോ. അവിടെയൊക്കെ ബുദ്ധി ഉപയോഗിച്ച് മനസ്സിലാക്കാൻ സാധിക്കണം" (ശബാബ് 2024 ഫെബ്രു 9/പേജ് 16).

ഡോ ഇ.കെ അഹ്മദ്കുട്ടി എഴുതുന്നു: "എല്ലാ സങ്കേതങ്ങളെയും നന്മയ്ക്കു വേണ്ടി ഉപയോഗിച്ച് സമുദായത്തെ പരിവർത്തിപ്പിച്ചു കൊണ്ട് ഇസ്‌ലാഹി പ്രസ്ഥാനവും ഒരു നൂറ്റാണ്ടു കാലത്തോളം മുന്നോട്ടു നീങ്ങി. അതിനിടയിലാണ് അനൈക്യത്തിന്റെ കാർമേഘങ്ങളും ജിന്ന്, ശൈത്വാൻ, സിഹ്റ് ബാധകളും പ്രസ്ഥാനത്തിനകത്തുള്ള ചിലരെ പിടികൂടിയത്" (ശബാബ് 2024 ഫെബ്രു 9/പേജ് 17).

സ്വീകാര്യയോഗ്യമായ ഹദീസുകളിലൂടെ ലഭ്യമായ ഇത്തരം കാര്യങ്ങളെ ദുർബലവും പരിമിതവുമായ ബുദ്ധി ഉപയോഗിച്ച് വിലയിരുത്താൻ തുനിഞ്ഞ നേരത്ത് ഇമാമുമാരായ ഖുർതുബി (റഹ്), നവവി(റഹ്), ഇബ്നു ദഖീഖിൽ ഈദ്(റഹ്), ഇബ്നു ഹജർ(റഹ്), ഇബ്നു അബ്ദിൽ ബർറ്(റഹ്), ഇബ്നുൽ അറബി (റഹ്), ഇബ്നു ഉഥൈമീൻ(റഹ്) പോലുള്ളവർ ഇവയ്ക്കു നൽകിയ വിശദീകരണങ്ങൾ ഒന്ന് വായിച്ചു നോക്കാമായിരുന്നു. അഹ് ലുസ്സുന്നയുടെ മുൻകാല പണ്ഡിതന്മാരും മുജാഹിദ് പ്രസ്ഥാനത്തിന്റെ പഴയകാല നേതാക്കളുമൊന്നും ഇത്തരമൊരു വ്യാഖ്യാനം നടത്തിയിട്ടില്ല.

വഹ്‌യിലൂടെ കിട്ടിയ വിവരമനുസരിച്ച് നബി(സ്വ) പറഞ്ഞു തന്ന സംസം വെള്ളത്തിന്റെയും അജ്‌വ കാരക്കയുടെയും ശ്രേഷ്ഠത, ഇസ്‌ലാമിക മന്ത്രം, സിഹ്റിന്റെ യാഥാർഥ്യം പോലുള്ളതിനെയെല്ലാം പരസ്യമായി നിഷേധിക്കുന്നതിനെ ഹദീസ് നിഷേധം എന്നല്ലാതെ എന്താണ് വിശേഷിപ്പിക്കുക?

സലഫികളെ ആദർശവിരോധികൾക്ക് പ്രബോധന രംഗത്ത് അടിച്ചമർത്താൻ മുട്ടൻ വടി കൊടുത്തത് ഇക്കൂട്ടരാണ്. പിന്നെ എന്തിനാണത് മറ്റുള്ളവരുടെ മേൽ വെച്ചുകെട്ടുന്നത്? സലഫി വിരോധികളായ പുരോഹിതന്മാർ ആളുകളെ പറ്റിക്കാൻ വേണ്ടി മുറിച്ചെടുത്ത ക്ലിപ്പുകളല്ലേ ഇവരിപ്പോഴും മുജാഹിദുകളെ എതിർക്കാനായി പ്രദർശിപ്പിക്കുന്നത്? ശിർക്കിന്റെ നിലനിൽപ്പിനായി പണിയെടുക്കുന്നവരെ പരാജയപ്പെടുത്തിയ മഞ്ചേശ്വരം, കോട്ടക്കൽ സംവാദങ്ങളെ കുറിച്ച് സുല്ലമി സമസ്തയോട് പറഞ്ഞത് സെൻസിംഗിൽ നിന്ന് വായിക്കാം: "തോറ്റമ്പിപ്പോയി, സുന്നികൾ ഓതിയ ആയത്തിനും ഹദീസിനും മറുപടി പറയാൻ അവർക്കു സാധിച്ചില്ല"(പേജ് 20).

കടുത്ത സംഘടനാവിരോധം എന്നല്ലാതെ ഇതിനെ വിശേഷിപ്പിക്കാൻ കഴിയില്ലെന്ന് ആ സംവാദങ്ങൾ കേട്ടവർക്കറിയാം.

### പൊള്ളലും കുരുക്കും

പുരോഹിതന്മാർ പടച്ചുണ്ടാക്കിയ, അസാധാരണ-അഭൗതിക മാർഗത്തിലൂടെ സഹായിക്കാൻ ജീവിത കാലത്തും മരണശേഷവും അമ്പിയാക്കൾ, ഔലിയാക്കൾ, സ്വാലിഹീങ്ങൾ എന്നിവർക്ക് സാധിക്കുമെന്ന പുതിയ ആശയത്തിൽ വിശ്വസിച്ച് പാമരജനങ്ങൾ പ്രാർഥനയും സഹായ തേട്ടവുമൊക്കെ സൃഷ്ടികളിലേക്ക് തിരിച്ച സാഹചര്യമുണ്ടായി. അക്കാലത്ത് അതിനെതിരെ പടവെട്ടിയ കെ.എം മൗലവി(റഹ്) എഴുതിയത് വായിക്കാം:

"അപ്പോൾ ഒരാൾ ഏതെങ്കിലും ഒരു സൃഷ്ടിക്ക് തന്റെ മേൽ മറഞ്ഞ നിലയിലുള്ള അധികാര ശക്തി ഉണ്ടെന്നു ധരിച്ചുകൊണ്ട് ആ സൃഷ്ടിയെ വന്ദിക്കുവാൻ ഉദ്ദേശിച്ചോ ആ സൃഷ്ടിയുടെ അടുക്കൽ സാമീപ്യം ലഭിക്കുവാൻ ഉദ്ദേശിച്ചോ അവനെ ഭയപ്പെട്ടോ അവന്റെ അടുക്കൽ ശരണം തേടിയോ അവനെ സ്നേഹിച്ചോ മറ്റോ അവന്റെ അടുക്കൽ അത്യധികമായ, അങ്ങേയറ്റമായ താഴ്മ കാണിക്കുന്നതിനെ സൂചിപ്പിക്കുന്നതായി ചെയ്യുന്ന ധ്യാനവും കർമ്മവും വചനവും എല്ലാം അവനെ ആരാധിക്കലത്രെ, അവന്ന് ഇബാദത്ത് ചെയ്യലത്രെ" (പ്രാർഥനയും ആരാധനയും/ പേജ് 18).

പി.കെ മൂസ മൗലവി(റഹ്) ഇതേ ആശയം കെ.എം മൗലവിയുടെ ജീവചരിത്രത്തിന് അവതാരിക നൽകിയപ്പോൾ എഴുതിയത് നേർപഥം എടുത്തുകൊടുത്തത് ശബാബുകാരന് വല്ലാതെ പൊള്ളലേൽപിച്ചിട്ടുണ്ട്. അത് ഒന്നു കൂടി ഉദ്ധരിക്കാം.

"അപ്പോൾ അഭൗതികമായ മാർഗങ്ങളിലൂടെ സൃഷ്ടികൾക്ക് ഗുണമോ ദോഷമോ വരുത്തിത്തീർക്കുവാൻ ആരെങ്കിലും ഏതെങ്കിലും വിധേന സാധിക്കുമെന്നു വിചാരിച്ചുകഴിഞ്ഞാൽ ആ വിചാരവും ആ വിശ്വാസവും പ്രവൃത്തികളും തൗഹീദിനെതിരായി ഭവിക്കുന്നു. അല്ലെങ്കിൽ ശിർക്കായിത്തീരുന്നു.''

ശബാബ് ലേഖകൻ തുടരുന്നു: "ജിന്നുകളും മലക്കുകളും ഗൈബിയായി മനുഷ്യനെ സഹായിക്കുമെന്ന വിശ്വാസവും കൂടോത്രവും കണ്ണേറും ഫലിക്കുമെന്ന വിശ്വാസവും ജിന്നുകളെ ആരാധിക്കുകയും പൂജിക്കുകയും ചെയ്താൽ അവർ സഹായിക്കും എന്ന വാദവുമൊക്കെ ശിർക്കാണെന്ന വസ്തുത ഉൾക്കൊള്ളുന്ന ഈ വരികൾ വിസ്ഡം ആദർശങ്ങളെ കടപുഴക്കുന്നതാണ് എന്നതിനാലാണ് ഇതിൽനിന്ന് ചെറിയൊരു

ഭാഗം മാത്രം അടർത്തി മാറ്റി ലേഖകൻ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്" (പേജ് 36).

അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നതിന്റെ നിരർഥകത വിശദീകരിച്ച അദ്ദേഹത്തിന്റെ വരികളെടുത്ത് അണികളെ ഇങ്ങനെ കബളിപ്പിക്കേണ്ട ഗതികേടിലാണിവർ. അതേ നിലപാടിൽതന്നെ ഉറച്ചുനിന്ന് തൗഹീദിന്റെ പ്രചാരണരംഗത്ത് സജീവമായി നിലകൊള്ളുന്നവരെ ജിന്നാരാധകരും ജിന്ന് പൂജകരുമായി അപഹസിക്കുന്നവരുടെ കാര്യം ഞങ്ങൾ പരലോകത്തേക്ക് വിടുകയാണ്.

വാസ്തവത്തിൽ ഇവർ രൂപപ്പെടുത്തിയ പുതിയ വിശ്വാസത്തിന്റെ അടിവേരറുക്കുന്നതാണ് മൗലവിയുടെ വാചകങ്ങൾ. ജിന്ന്, മലക്ക്, ശൈത്വാൻ, സിഹ്റ്, മന്ത്രം, കണ്ണേറ് പോലുള്ള വിഷങ്ങൾ പ്രതിപാദിക്കുന്ന ഹദീസുകളിൽ ഏതെങ്കിലും ഒന്നിൽ അദ്ദേഹം സംശയിച്ചതോ, അല്ലെങ്കിൽ നിഷേധിച്ചതോ ആയി തെളിയിക്കാൻ ഇവർക്കു കഴിയുമോ? ഇനി ജിന്നിനും മലക്കിനും അഭൗതികത കൽപിക്കുന്ന പക്ഷത്തേക്ക് മൗലവിയെ വലിക്കുകയാണെങ്കിൽ വൈരുധ്യവാദികളാകുന്നത് ഇവർ തന്നെയാണ്.

ഭൗതികം, സൃഷ്ടി കഴിവ്, കാര്യകാരണ ബന്ധങ്ങൾക്ക് അധീനം, അധീതം... ഇതെല്ലാം തൗഹീദും ശിർക്കും വേർതിരിച്ച് പഠിപ്പിക്കാൻ പണ്ഡിതന്മാർ പ്രയോഗിച്ച് പോന്നതാണ്. അല്ലാഹുവല്ലാത്തതെല്ലാം ആലമാണെന്നും ഓരോന്നിനും അതിന്റെ പ്രകൃതമനുസരിച്ച് വ്യത്യാസമുണ്ടെന്നും പഠിപ്പിക്കപ്പെട്ടവരാണ് നാം. കണ്ണിൽ കാണാത്തത് എന്നർഥത്തിലുള്ള പ്രയോഗങ്ങളെ തൗഹീദും ശിർക്കും വേർതിരിക്കുന്ന സാക്ഷാൽ അഭൗതികതയാക്കി മാറ്റിയതാണ് വിമർശകർക്ക് പറ്റിയ ഭീമാബദ്ധം. മുൻകാല മുജാഹിദ് നേതാക്കന്മാരുടെ രചനകളിൽ കാണുന്ന സൃഷ്ടി കഴിവ്, മനുഷ്യ കഴിവ് എന്നിവയെ മനുഷ്യ കഴിവ് എന്നതിൽ മാത്രം പരിമിതപ്പെടുത്തി പുതിയ വ്യാഖ്യാനങ്ങൾ ചമച്ചതും ഇവർക്ക് സംഭവിച്ച വലിയ വ്യതിയാനമാണ്. അദൃശ്യ സൃഷ്ടികളായ ജിന്ന്, മലക്ക് എന്നിവയെ അഭൗതിക ശക്തികളായും ജിന്നിന്റെയും മലക്കിന്റെയും മനുഷ്യ ജീവിതത്തിലെ ഇടപെടലുകളെ അഭൗതിക ഇടപെടലുകളായി വ്യാഖ്യാനിച്ചതുമാണ് മുജാഹിദുകൾക്ക് നേരെ ശിർക്കാരോപിക്കാൻ ഇവരെ പ്രേരിപ്പിച്ചത്. സത്യത്തിൽ മുജാഹിദ് പ്രബോധന ചരിത്രത്തിലെ ഒരു കറുത്ത അധ്യായം തന്നെയായിരുന്നു ഇവരുടെ ആദർശ വ്യതിചലനം! ആ വ്യതിയാനപ്പുരയുടെ പുറത്ത് കയറിയാണവർ മുവഹ്ഹിദുകൾക്ക് നേരെ ശിർക്ക്, കുഫ്റ്, നവയാഥാസ്ഥികത എന്നെല്ലാം വിളിച്ച് കൂവിയത്. ശബാബുകാരന് വലിയ കുരുക്കായ ആ വരികൾ ഒരിക്കൽ കൂടി വായിക്കാം:

"മലക്കുകൾക്കും ജിന്നുകൾക്കും നമ്മെ സഹായിക്കാൻ സാധിക്കുമെന്ന് വല്ലവനും വിശ്വസിച്ചാൽ അവന്റെ വിശ്വാസത്തിൽ ശിർക്കും കുഫ്റും സംഭവിക്കുന്നു" (തൗഹീദും നവയാഥാസ്ഥികരുടെ വ്യതിയാനവും/പേജ് 11).

പുതുതായി കണ്ടെത്തിയ ഈ തത്ത്വം കൊണ്ട് വലഞ്ഞതിനാലാണ് മലക്കുകൾക്കും ജിന്നുകൾക്കും മനുഷ്യരുമായുള്ള കാര്യകാരണബന്ധം പഠിപ്പിക്കപ്പെട്ട ആയത്തുകളെ തെറ്റായി വിശദീകരിക്കാനും ഹദീസുകളെ പരിഹസിച്ചുതള്ളാനും ഇവർ നിർബന്ധിതരായത്.

സുല്ലമിയുടെ വരികളെ 'വെട്ടിമാറ്റി'യെന്ന് ആരോപിച്ച് ശബാബ്കാരൻ പറയുന്നു: "എത്ര വ്യക്തമാണ് ഈ വരികൾ! ഇതിനകത്തെ ഒരു വരി മാത്രം എടുത്താണ് വിപരീതാർഥത്തിലേക്ക് വ്യാഖ്യാനിച്ച് തെറ്റിദ്ധരിപ്പിച്ച് തങ്ങളുടെ ജിന്നുതേട്ട വാദത്തിലേക്ക് ആളുകളെ പ്രചോദിപ്പിക്കാൻ കുതന്ത്രം പയറ്റുന്നത്" (പേജ് 37).

ഈ വരികൾക്ക് ശേഷമുള്ള രണ്ട് പേജുകൾ അധികമെടുത്തെഴുതിയാൽ ഈ വാദം ഇല്ലാതാകുമോ? അദ്ദേഹത്തിന്റെ തൗഹീദ് പഴയ നിലയിലാണെങ്കിൽ ശിർക്കും കുഫ്റും വിധിച്ചതിന്റെ ലക്ഷ്യമെന്താണ്? താഴേക്ക് വായിക്കും തോറും അദ്ദേഹത്തിന്റെ പുതിയ തൗഹീദിനെ സ്ഥാപിക്കാനുള്ള കരണം മറിയൽ മാത്രമെ കാണാനാകൂ! സുല്ലമി കണ്ടെത്തിയത് പ്രകാരം ശിർക്കിലും കുഫ്റിലും പെടാത്തവരായി ഇസ്‌ലാഹി പ്രസ്ഥാനത്തിലെ ഏതെങ്കിലും പണ്ഡിതനുണ്ടാകുമോ എന്നതുകൂടി അറിയേണ്ടതുണ്ട്. ചെറിയമുണ്ടത്തിന്റെ വിശ്വാസം കൂടി സൂചിപ്പിക്കാം; കാരണം അത് ഇവർക്കുള്ള കനത്ത മറുപടിയാണ്. അദ്ദേഹം എഴുതിയത് വായിക്കാം:

"ജിന്നുകൾക്ക് അല്ലാഹു നൽകുന്ന കഴിവ് മനുഷ്യ കഴിവിന്ന് അതീതമെങ്കിലും അതിനെ അഭൗതികമെന്നു വിശേഷിപ്പിക്കുന്നത് ഇസ്‌ലാമിക കാഴ്ചപ്പാടിൽ ശരിയല്ല. അഭൗതികമായ കഴിവ് എന്ന് നാം പറയുമ്പോൾ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടികൾക്കാർക്കും നൽകിയിട്ടില്ലാത്ത് കഴിവാണ്" (പ്രാർഥന, തൗഹീദ്: ചോദ്യങ്ങൾക്ക് മറുപടി /പേജ് 78).

'ന്യായീകരണം' മാത്രം തെളിവാക്കി കൂടെയുള്ളവരെ ആശങ്കയിൽപ്പെടുത്താതെ ഏതാണ് ശരിയെന്ന് കൂടി ഇവർ പ്രഖ്യാപികട്ടെ!

*(അടുത്ത ലക്കത്തിൽ: അല്ലാഹുവിന്റെ ചില വിശേഷണങ്ങളെയും നിഷേധിക്കുന്നു!)*



പി.ഒ അബൂഫസീഹ്

ജ്യോതിഷവും ജ്യോതിശാസ്ത്രവും: ഒരു പഠനം 02

# ചന്ദ്രചലനവും മാസനിർണയവും

ചന്ദ്രന്റെ ചലനം സൂര്യചലനത്തെ അപേക്ഷിച്ച് സങ്കീർണമാണ്. എന്നാൽക്കൂടി സങ്കീർണമായ ഗണിതശാസ്ത്ര ഫോർമുലകളിലൂടെ ചന്ദ്രചലനവും കൃത്യമായിത്തന്നെ രേഖപ്പെടുത്താൻ ശാസ്ത്രത്തിന് കഴിയും. ഫോർമുലകൾ നിർധാരണം ചെയ്തെടുക്കാൻ കമ്പ്യൂട്ടറിന്റെ സഹായം ആവശ്യമായി വരുന്നുവെന്ന് മാത്രം. സൂര്യചലനത്തെപ്പോലെ, കൃത്യമായി ചന്ദ്രചലനവും ക്ലിപ്തപ്പെടുത്താൻ സാധിക്കുന്നുവെന്നതിന് തെളിവാണല്ലോ ഗ്രഹണ സമയങ്ങളുടെ മുൻകൂട്ടിയുള്ള പ്രവചനം. സൂര്യന്റെയും ചന്ദ്രന്റെയും ഭൂമിയുടെയും ചലനങ്ങൾ ഓരോന്നും കൃത്യമായി രേഖപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമെ ഗ്രഹണസമയവും കൃത്യമായി നിർണയിക്കാനാവൂ. സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവ ഒരേ രേഖയിൽ വരികയും ചന്ദ്രൻ സൂര്യനും ഭൂമിക്കും ഇടയിൽ വരികയും ചെയ്യുമ്പോഴാണല്ലോ സൂര്യഗ്രഹണമുണ്ടാകുന്നത്. ഭൂമി സൂര്യനും ചന്ദ്രനും ഇടയിലാകുമ്പോൾ ചന്ദ്രഗ്രഹണവും ഉണ്ടാകുന്നു. ചന്ദ്രചലനങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ സൂര്യ-ചന്ദ്ര ഗ്രഹണങ്ങൾ മുൻകൂട്ടി പ്രവചിക്കാനാവില്ല. പ്രവചിച്ചതനുസരിച്ച് സെക്കന്റുപോലും തെറ്റാതെ അവ സംഭവിക്കുന്നതിന് നാം ദൃക്സാക്ഷികളാണ്. ചന്ദ്രചലനം സൂര്യന്റേതുപോലെ കണക്കുകൂട്ടാനാവില്ല എന്ന വാദം ബാലിശമാണ്.

ചന്ദ്രചലനങ്ങളെക്കുറിച്ച് നമുക്ക് മനസ്സിലാക്കിത്തരുന്ന ലൂണാർ തിയറി വളരെ സങ്കീർണമാണ് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഈ സങ്കീർണമായ ഗണിത ക്രിയകളിലൂടെ നിർധാരണം ചെയ്തെടു ത്ത ലളിതമായ പട്ടികകൾ ഇന്ന് ലഭ്യമാണ്. ഇവ ഉപയോഗിച്ച് സൂര്യ-ചന്ദ്രാസ്തമയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏതൊരു സാധാരണക്കാരനും എളുപ്പത്തിൽ മനസ്സിലാക്കാനാകും. ഒരു പ്രദേശത്തെ അക്ഷാംശ-രേഖാംശങ്ങൾ അറിഞ്ഞിരുന്നാൽ ഈ പട്ടികകൾ ഉപയോഗിച്ച് ആ പ്രദേശത്തെ സൂര്യ-ചന്ദ്ര ഗോളങ്ങളുടെ അസ്തമയ സമയം

> ഭൂമിയിൽ ഒരേസമയം രണ്ട് തീയതികൾ നിലനിലനിൽക്കുന്നു എന്ന ഗോളശാസ്ത്ര വസ്തുതയും എല്ലാ മാസവും ആദ്യത്തെ മാസപ്പിറവി ദൃശ്യമാകുന്നതിന് ഒരു നിശ്ചിത സ്ഥാനമില്ല എന്നതും നോമ്പ്-പെരുന്നാളുകൾ നിർണയിക്കുന്നതിൽ ഒരു ലൂണാർ കലണ്ടറിന്റെ സാധ്യതയെ നിഷേധിക്കുന്നു. അന്താരാഷ്ട്ര ദിനരേഖ ഉപയോഗിച്ച് പുതിയ തീയതി തുടങ്ങുന്നതുപോലെ ഏതൊരു രേഖയിൽവെച്ച് അതല്ലെങ്കിൽ ഭൂമിയിൽ ഏതൊരു പ്രദേശത്തുവെച്ച് പുതിയ ചന്ദ്രമാസം ആരംഭിക്കും എന്നതിന് ഒരു ഉത്തരം നൽകാൻ ശാസ്ത്രീയമായി സാധ്യമല്ല.

കണ്ടുപിടിക്കാൻ സ്കൂൾ വിദ്യാഭ്യാസ നിലവാരമുള്ള ഒരാൾക്കു പോലും സാധിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വാനനിരീക്ഷണകേന്ദ്രങ്ങൾ വർഷാവർഷങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ഇത്തരം പട്ടികകൾക്ക് ആധികാരിക സ്വഭാവവും കൃത്യതയുമുണ്ട്. വ്യത്യസ്ത വാന നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നും കിട്ടുന്ന വിവരങ്ങൾ താരതമ്യം ചെയ്ത് വിശ്വാസ്യത പരിശോധിച്ചു നോക്കാൻ ആസ്ട്രോണമിയുടെ സങ്കീർണ ഗണിതക്രിയയുടെയൊന്നും ആവശ്യമില്ല.

### സോളാർ കലണ്ടറും ലൂണാർ കലണ്ടറും

ഇന്ന് ലോകവ്യാപകമായി ഉപയോഗിച്ചുവരുന്ന ഗ്രിഗോറിയൻ കലണ്ടർ സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ ഭ്രമണ-പരിക്രമണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ജൂലിയൻ കലണ്ടറിൽനിന്ന് അൽപം വ്യത്യാസപ്പെടുത്തിയുള്ള ലീപ് ഇയർ നിയമമാണ് ഈ സോളാർ കലണ്ടർ ഉപയോഗിച്ചുവരുന്നത്.

ഭൂമിയുടെ ഭ്രമണ-പരിക്രമണ സമയങ്ങൾ വളരെ കൃത്യമായി കണക്കാക്കിക്കൊണ്ടുള്ളതാണ് പുതിയ ലീപ് ഇയർ നിയമം. നാലുകൊണ്ട് ശിഷ്ടം വരാതെ ഹരിക്കാൻ കഴിയുന്ന എല്ലാ വർഷങ്ങളെയും ഇവിടെ ലീപ് ഇയറായി കണക്കാക്കുന്നില്ല. 400ന്റെ ഗുണിതങ്ങളായി വരുന്നവയൊഴികെ മറ്റെല്ലാ നൂറിന്റെ ഗുണിതങ്ങളെയും ലീപ് ഇയറിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. ഉദാഹരണത്തിന് 1700, 1800, 1900, 2100 എന്നിവ ലീപ് ഇയർ അല്ല. എന്നാൽ 1600, 2000, 2400 എന്നിവ ലീപ് ഇയർ ആണുതാനും. ജൂലിയൻ കലണ്ടറിന്റെ പരിഷ്കരിച്ച രൂപമായ ഈ കലണ്ടറാണ് ഗ്രിഗോറിയൻ കലണ്ടർ എന്ന പേരിൽ ഇന്ന് ലോകമെമ്പാടും പൊതു ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത്. ദിവസങ്ങളുടെയും വർഷത്തിന്റെയും ദൈർഘ്യം കണക്കാക്കിയിട്ടുള്ളത് ഭൂമിയിൽ ദൃഷ്ടീഭവിക്കുന്ന സൂര്യന്റെ ചലനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് എന്നതിനാൽ ഇനിയുള്ള ചർച്ചയിൽ ഇതിനെ സോളാർ കലണ്ടർ എന്നു വിളിക്കാം.

സോളാർ കലണ്ടർ അനുസരിച്ച് തീയതി ആരംഭിക്കുന്നത് അർധരാത്രി 12 മണിക്കാണ്. ഭൂഗോളത്തിൽ അർധരാത്രി എപ്പോഴാണെന്നു ചോദിച്ചാൽ അതിന് കൃത്യമായ ഒരു ഉത്തരം നൽകാൻ സാധ്യമല്ല. ഓരോ പ്രദേശത്തും വ്യത്യസ്ത സമയങ്ങളിലാണ് അർധരാത്രിയാകുന്നത്. എന്താണ് ഇതിനു കാരണം? ഒരു നിശ്ചിത ഡിഗ്രി രേഖാംശത്തിൽ ഇപ്പോൾ അർധരാത്രിയാണെങ്കിൽ ആ രേഖാംശത്തിന് 16 ഡിഗ്രി പടിഞ്ഞാറു ഭാഗത്ത് ഒരു മണിക്കൂർ കഴിഞ്ഞായിരിക്കും അർധരാത്രി. ആ രേഖാംശത്തിൽനിന്നും 30 ഡിഗ്രി പടിഞ്ഞാറു ഭാഗത്ത് രണ്ടു മണിക്കൂർ കഴിഞ്ഞും 45 ഡിഗ്രി പടിഞ്ഞാറ് മൂന്നു മണിക്കൂർ കഴിഞ്ഞും അർധരാത്രിയാകുന്നു. ഇപ്രകാരം 24 മണിക്കൂർ സമയത്തനിടക്ക് ഭൂലോകത്ത് ഓരോ സെക്കന്റിലും അർധരാത്രിയുണ്ടാകുന്നു. ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുഭാഗത്തുനിന്നും കിഴക്കോട്ടായതിനാൽ കിഴക്കുനിന്നും പടിഞ്ഞാറോട്ട് എന്ന ക്രമത്തിലാണ് ഒരു പ്രദേശത്തുനിന്നും അടുത്ത പ്രദേശത്തേക്ക് അർധരാത്രി നീങ്ങുന്നത്. 24 മണിക്കൂർ സമയംകൊണ്ട് ഭൂഗോളം മുഴുവനും (360 ഡിഗ്രി മുഴുവനും) അർധരാത്രി കടന്നുപോകുന്നു.

സൗര കലണ്ടറനുസരിച്ച് അർധരാത്രി മുതലാണല്ലോ പുതിയ തീയതി തുടങ്ങുക. അപ്പോൾ സ്വാഭാവികമായും ഒരു ചോദ്യം ഉയരുന്നു; എവിടെ അർധരാത്രിയാകുമ്പോഴാണ് ഭൂമുഖത്ത് ആദ്യമായി പുതിയ തീയതി തുടങ്ങുക? ഈ ചോദ്യത്തിനുത്തരം കാണാൻ ഭൂഗോളത്തിന് മുകളിൽ ഒരു അവലംബരേഖ സങ്കൽപിക്കേണ്ടിവരുന്നു. ആ രേഖയെ

യാണ് അന്താരാഷ്ട്ര ദിനരേഖ (International Date Line) എന്ന പേരിൽ അറിയപ്പെടുന്നത്. ഭൂഗോളത്തിൽ എവിടെ വേണമെങ്കിലും ഇങ്ങനെ ഒരു രേഖ സങ്കൽപിക്കാവുന്നതാണ്. ഏറ്റവും സൗകര്യപ്രദമെന്ന നിലയിൽ ഗ്രീനിച്ചിലൂടെ കടന്നുപോകുന്ന മേഖാംശ മേഖയിൽ(പൂജ്യം ഡിഗ്രി)നിന്നും 180 ഡിഗ്രി അകലെയുള്ള രേഖയെയാണ് അന്താരാഷ്ട്ര ദിനരേഖയായി കണക്കാക്കിയിട്ടുള്ളത്. 100 ഡിഗ്രി രേഖാംശത്തിൽ അർധരാത്രിയാകുമ്പോൾ പുതിയ തീയതി തുടങ്ങുന്നു. അവിടെ നിന്നും പടിഞ്ഞാറ് ഭാഗത്തുള്ള പ്രദേശങ്ങളിൽ അർധരാത്രിയാകുന്നതിനനുസരിച്ച് ആ പ്രദേശങ്ങളൊക്കെ പുതിയ തീയതിയിലേക്ക് കടക്കുന്നു. അതേസമയം അന്താരാഷ്ട്രദിനരേഖക്ക് കിഴക്ക് ഭാഗത്തുള്ള പ്രദേശങ്ങളിൽ പഴയ തീയതിതന്നെ തുടരുന്നു. അന്താരാഷ്ട്ര ദിനരേഖക്ക് പടിഞ്ഞാറ് ഭാഗത്ത് പുതിയ തീയതിയും കിഴക്ക് ഭാഗത്ത് പഴയ തീയതിയുമായിരിക്കുമെന്നർഥം. ഇപ്രകാരം ഭൂമുഖത്ത് എല്ലാ സമയത്തും രണ്ട് തീയതികൾ നിലനിൽക്കും. ഭൂമിയിൽ തുടർച്ചയായ രണ്ട് കലണ്ടർ ദിനങ്ങളെ വേർതിരിക്കുന്ന സാങ്കൽപികരേഖയാണ് അന്താരാഷ്ട്രദിനരേഖയെന്ന് ഈ അടിസ്ഥാനത്തിൽ നിർവചിക്കാവുന്നതാണ്.

ഭൂമിയുടെ ഗോളാകൃതിയാണ് ഒരേസമയം രണ്ടു തീയതികൾ നിലനിൽക്കാൻ കാരണമായി വർത്തിക്കുന്നത്. ഞായറാഴ്ച ദിവസം കിഴക്കോട്ട് യാത്ര ചെയ്യുന്ന ഒരാൾ അന്താരാഷ്ട്രദിനരേഖ മുറിച്ച് കടക്കുമ്പോൾ തന്റെ വാച്ചിലെ തീയതി ഒരുദിവസം പിറകിലേക്ക് മാറ്റിവെക്കണം. ആ പ്രദേശത്ത് അപ്പോൾ ശനിയാഴ്ചയായിരിക്കും. ഞായറാഴ്ച പടിഞ്ഞാറോട്ട് യാത്ര ചെയ്യുന്ന ഒരാൾ ആ രേഖ മുറിച്ചു കടക്കുമ്പോൾ ഒരു ദിവസം മുന്നോട്ട് മാറ്റിവെക്കണം. അയാൾക്ക് അപ്പോൾ തിങ്കളാഴ്ചയായിരിക്കും.

ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ ഒരു ചക്രം പൂർത്തിയാകുന്ന കാലദൈർഘ്യമാണ് ഒരു ചന്ദ്രമാസം. ചന്ദ്രമാസം ആരംഭിക്കുന്നത് മാസപ്പിറവി ദൃശ്യമാകുന്നതോടു കൂടിയാണല്ലോ. മാസാരംഭം കുറിക്കുന്നതിന് ഭൂമിയിൽ എവിടെയായിരിക്കും ആദ്യത്തെ മാസപ്പിറവി കാണുക എന്ന് കൃത്യമായി പ്രവചിക്കാനാവില്ല. ഭൂരിയിൽ ആദ്യ പിറവി ദൃശ്യമാകുന്ന പ്രദേശം ഓരോ മാസവും വ്യത്യാസപ്പെട്ടിരിക്കും. അതിനാൽ മതപരമായ ചടങ്ങുകൾക്ക് പൂർണമായും ആശ്രയിക്കാവുന്ന ഒരു ലൂണാർ കലണ്ടർ തയാറാക്കുക അസാധ്യമാണ്.

സൗരവർഷ തീയതി (Solar Date) നിശ്ചയിക്കുന്നതിന് അന്താരാഷ്ട്ര ദിനരേഖ (International Date Line) എന്ന സാങ്കൽപിക രേഖയെയാണല്ലോ നാം അവലംബമാക്കുന്നത്. പ്രസ്തുത രേഖ മുറിച്ചുകട ക്കുമ്പോൾ തീയതി മാറുന്നു എന്ന് നമുക്കറിയാം. അന്താരാഷ്ട്ര ദിനരേഖക്ക് പടിഞ്ഞാറുഭാഗത്ത് തിങ്കളാഴ്ചയാണെങ്കിൽ അതേസമയം അതിന്റെ കിഴക്കു ഭാഗത്ത് ഞായറാഴ്ചയായിരിക്കും. ഭൂമിയുടെ ഗോളാകൃതി മൂലം ഭൂമുഖത്ത് ഏതു സമയത്തും ഇങ്ങനെ രണ്ട് തീയതികളുണ്ടായിരിക്കുമെന്ന് നാം മനസ്സിലാക്കി. ചന്ദ്ര തീയതികളുടെ (Lunar Dates) കാര്യമെടുത്താലും ഇങ്ങനെ കണ്ട് തീയതികൾ സ്വാഭാവിസമാണ്. എന്നാൽ സൗരതീയതികൾക്ക് അന്താരാഷ്ട്ര ദിനരേഖയെ അടിസ്ഥാനപ്പെടുത്തുന്നതുപോലെ ചന്ദ്രവർഷ തീയതികൾക്ക് ആ രേഖ ഉപയോഗപ്പെടുത്താനോ അതല്ലെങ്കിൽ മറ്റൊരു സാങ്കൽപികരേഖ നിർണയിക്കുവാനോ നമുക്ക് കഴിയില്ല. അപ്രകാരം ഒരു രേഖ നിശ്ചയിച്ച് മാസാരംഭം നിർണയിക്കുന്നത് മതനിയമങ്ങൾക്ക് എതിരാകും എന്നതിനാലാണിത്.

ചന്ദ്രമാസ തീയതിക്ക് ഒരു അവലംബരേഖ നിശ്ചയിക്കാനാവില്ല എന്നതുപോലെ മാസാരംഭത്തിന് ഒരു പ്രദേശത്ത അവലംബമാക്കാനും സാധ്യമല്ല. സോളാർ കലണ്ടറിന് അന്താരാഷ്ട്ര ദിനരേഖ മാനദണ്ഡമാക്കിയതുപോലെ മക്കയെ അടിസ്ഥാനബിന്ദുവാക്കി ഒരു ഇസ്‌ലാമിക ലൂണാർ കലണ്ടർ തയ്യാറാക്കി നോമ്പ്-പെരുന്നാളുകൾ നിർണയിക്കാനുള്ള ശ്രമം കുറെ കാലമായി നടന്നുവരുന്നുണ്ട്. ഒറ്റനോട്ടത്തിൽ വളരെ ആകർഷണീയമായി തോന്നാവുന്ന ഒരു മാസനിർണയ രീതിയാണിത്. ലോകമെമ്പാടും പെരുന്നാൾ ദിവസം നിർണയിക്കുന്നതിൽ ഒരു ഏകീകരണം കൊണ്ടുവരാൻ ഇതുമൂലം സാധിക്കുമെന്നാണ് ഈ കലണ്ടറിനുവേണ്ടി മുറവിളികൂട്ടുന്നവർ ധരിച്ചുവെച്ചിരിക്കുന്നത്. ഇതിലെ ശാസ്ത്രീയവും മതപരവുമായ നിരർഥകത പലരും മനസ്സിലാക്കാറില്ല എന്നത് ഖേദകരമാണ്.

ഭൂമിയിൽ ഒരേസമയം രണ്ട് തീയതികൾ നിലനിലനിൽക്കുന്നു എന്ന ഗോളശാസ്ത്ര വസ്തുതയും എല്ലാ മാസവും ആദ്യത്തെ മാസപ്പിറവി ദൃശ്യമാകുന്നതിന് ഒരു നിശ്ചിത സ്ഥാനമില്ല എന്നതും നോമ്പ്-പെരുന്നാളുകൾ നിർണയിക്കുന്നതിൽ ഒരു ലൂണാർ കലണ്ടറിന്റെ സാധ്യതയെ നിഷേധിക്കുന്നു. അന്താരാഷ്ട്ര ദിനരേഖ ഉപയോഗിച്ച് പുതിയ തീയതി തുടങ്ങുന്നതുപോലെ ഏതൊരു രേഖയിൽവെച്ച് അതല്ലെങ്കിൽ ഭൂമിയിൽ ഏതൊരു പ്രദേശത്തുവെച്ച് പുതിയ ചന്ദ്രമാസം ആരംഭിക്കും എന്നതിന് ഒരു ഉത്തരം നൽകാൻ ശാസ്ത്രീയമായി സാധ്യമല്ല. ■

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം
34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَقَالَ الَّذِينَ كَفَرُوا هَلْ نَدُلُّكُمْ عَلَىٰ رَجُلٍ يُنَبِّئُكُمْ إِذَا مُزِّقْتُمْ كُلَّ مُمَزَّقٍ إِنَّكُمْ لَفِي خَلْقٍ جَدِيدٍ ﴿٧﴾

7. സത്യനിഷേധികൾ (പരിഹാസസ്വരത്തിൽ) പറഞ്ഞു: നിങ്ങൾ സർവത്ര ഛിന്നഭിന്നമാക്കപ്പെട്ടു കഴിഞ്ഞാലും നിങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകതന്നെ ചെയ്യുമെന്ന് നിങ്ങൾക്ക് വിവരം തരുന്ന ഒരാളെപ്പറ്റി ഞങ്ങൾ നിങ്ങൾക്കു അറിയിച്ചുതരട്ടെയോ?

أَفْتَرَىٰ عَلَى اللَّهِ كَذِبًا أَم بِهِ جِنَّةٌ ۗ بَلِ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ فِي الْعَذَابِ وَالضَّلَالِ الْبَعِيدِ ﴿٨﴾

8. അല്ലാഹുവിന്റെ പേരിൽ അയാൾ കള്ളം കെട്ടിച്ചമച്ചതാണോ അതല്ല അയാൾക്കു ഭ്രാന്തുണ്ടോ? അല്ല, പരലോകത്തിൽ വിശ്വസിക്കാത്തവർ ശിക്ഷയിലും വിദൂരമായ വഴികേടിലുമാകുന്നു.

أَفَلَمْ يَرَوْا إِلَىٰ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُم مِّنَ السَّمَاءِ وَالْأَرْضِ ۚ إِن نَّشَأْ نَخْسِفْ بِهِمُ الْأَرْضَ أَوْ نُسْقِطْ عَلَيْهِمْ كِسَفًا مِّنَ السَّمَاءِ ۚ إِنَّ فِي ذَٰلِكَ لَآيَةً لِّكُلِّ عَبْدٍ مُّنِيبٍ ﴿٩﴾

9. അവരുടെ മുമ്പിലും അവരുടെ പിന്നിലുമുള്ള ആകാശത്തേക്കും ഭൂമിയിലേക്കും അവർ നോക്കിയിട്ടില്ലേ? നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരെ നാം ഭൂമിയിൽ ആഴ്ത്തിക്കളയുകയോ അവരുടെ മേൽ ആകാശത്തുനിന്ന് കഷ്ണങ്ങൾ വീഴ്ത്തുകയോ ചെയ്യുന്നതാണ്. അല്ലാഹുവിലേക്ക് (വിനയാന്വിതനായി) മടങ്ങുന്ന ഏതൊരു ദാസനും തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്.

وَلَقَدْ آتَيْنَا دَاوُودَ مِنَّا فَضْلًا ۖ يَا جِبَالُ أَوِّبِي مَعَهُ وَالطَّيْرَ ۖ وَأَلَنَّا لَهُ الْحَدِيدَ ﴿١٠﴾

10. തീർച്ചയായും ദാവൂദിന് നാം നമ്മുടെ പക്കൽനിന്ന് അനുഗ്രഹം നൽകുകയുണ്ടായി. (നാം നിർദേശിച്ചു:) പർവതങ്ങളേ, നിങ്ങൾ അദ്ദേഹത്തോടൊപ്പം (കീർത്തനങ്ങൾ) ഏറ്റുചൊല്ലുക; പക്ഷികളേ, നിങ്ങളും. നാം അദ്ദേഹത്തിന് ഇരുമ്പ് മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

أَنِ اعْمَلْ سَابِغَاتٍ وَقَدِّرْ فِي السَّرْدِ ۖ وَاعْمَلُوا صَالِحًا ۖ إِنِّي بِمَا تَعْمَلُونَ بَصِيرٌ ﴿١١﴾

11. പൂർണവലുപ്പമുള്ള കവചങ്ങൾ നിർമിക്കുകയും, അതിന്റെ കണ്ണികൾ ശരിയായ അളവിലാക്കുകയും, നിങ്ങളെല്ലാവരും സൽകർമം പ്രവർത്തിക്കുകയും ചെയ്യുക എന്ന് (നാം അദ്ദേഹത്തിന് നിർദേശം നൽകി). തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കാണുന്നവനാകുന്നു.

وَلِسُلَيْمَانَ الرِّيحَ غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ ۖ وَأَسَلْنَا لَهُ عَيْنَ الْقِطْرِ ۖ وَمِنَ الْجِنِّ مَن يَعْمَلُ بَيْنَ يَدَيْهِ بِإِذْنِ رَبِّهِ ۖ وَمَن يَزِغْ مِنْهُمْ عَنْ أَمْرِنَا نُذِقْهُ مِنْ عَذَابِ السَّعِيرِ ﴿١٢﴾

12. സുലൈമാന്ന് കാറ്റിനെയും (നാം അധീനപ്പെടുത്തികൊടുത്തു). അതിന്റെ പ്രഭാത സഞ്ചാരം ഒരു മാസത്തെ ദൂരവും അതിന്റെ സായാഹ്ന സഞ്ചാരം ഒരു മാസത്തെ ദൂരവുമാകുന്നു. അദ്ദേഹത്തിന് നാം ചെമ്പിന്റെ ഒരു ഉറവ് ഒഴുക്കിക്കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രക്ഷിതാവിന്റെ കൽപനപ്രകാരം അദ്ദേഹത്തിന്റെ മുമ്പാകെ ജിന്നുകളിൽ ചിലർ ജോലി ചെയ്യുന്നുമുണ്ടായിരുന്നു. അവരിൽ ആരെങ്കിലും നമ്മുടെ കൽപനക്ക് എതിരുപ്രവർത്തിക്കുന്നപക്ഷം നാം അവന്ന് ജ്വലിക്കുന്ന നരകശിക്ഷ ആസ്വദിപ്പിക്കുന്നതാണ്.

(7). അതായത് (സത്യനിഷേധികൾ പറഞ്ഞു) പരിഹസിച്ചും അസംഭവ്യമായി കണ്ടും നിഷേധിച്ചുകൊണ്ടും അവരിൽ ചിലർ ചിലരോട് പറഞ്ഞു: (നിങ്ങൾ സർവത്ര ഛിന്നഭിന്നമാക്കപ്പെട്ടാലും നിങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകതന്നെ ചെയ്യുമെന്ന് നിങ്ങൾക്ക് വിവരം തരുന്ന ഒരാളെപ്പറ്റി ഞങ്ങൾ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?. ഇവിടെ ഒരാൾ എന്നു അവൻ ഉദ്ദേശിച്ചത് അല്ലാഹുവിന്റെ ദൂതനെക്കുറിച്ചാണ്. അദ്ദേഹത്തെ വളരെ വിചിത്രമായ ഒരു വാദം കൊണ്ടുവന്ന ഒരാളായിട്ടാണ് അവർ അഭിപ്രായപ്പെട്ടത്. നിങ്ങൾ ശിഥിലമാകുകയും നിങ്ങളുടെ അവശിഷ്ടങ്ങൾ ചിതറുകയും അപ്രത്യക്ഷമാവുകയും ചെയ്തശേഷം നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും എന്നവർ എങ്ങനെ പറയും എന്നാണ് അവർ ചോദിക്കുന്നത്.

(8). (ഈ മനുഷ്യനാണ് ഇത് കൊണ്ടുവന്നത്. അല്ലാഹുവിന്റെ മേൽ കളവ്) കെട്ടിപ്പറയുകയോ? (അതല്ല, അയാൾക്ക് ഭ്രാന്തുണ്ടോ?) അതൊരു വിചിത്രമായ കാര്യമല്ല. കാരണം, ഭ്രാന്ത് പല തരത്തിലുമുണ്ട്. ഇതെല്ലാം അവരുടെ ധിക്കാരവും അക്രമവുമാണ്. അവർക്കറിയാം, അദ്ദേഹം സൃഷ്ടികളിൽ ഏറ്റവും വലിയ ബുദ്ധിമാനും സത്യവാനുമാണെന്ന്. അത അവർ പ്രകടിപ്പിക്കുകയും അവർ ശത്രുത കാണിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളിൽ നിന്നും അദ്ദേഹത്തെ തടയാൻ അവർ സ്വത്തും ശരീരവും വിനിയോഗിച്ചു. ഇനി അദ്ദേഹം കളവ് പറയുന്നവനും ഭ്രാന്തനുമാണെങ്കിൽ അദ്ദേഹം പറയുന്നത്, എന്തിന് ശ്രദ്ധിക്കണം? ഒരു ഭ്രാന്തനെ ബുദ്ധിയുള്ളവൻ പരിഗണിക്കില്ല. അയാൾ പറയുന്നതാവട്ടെ, എവിടെയും



എത്തുകയുമില്ല. നിങ്ങളുടെ ശാഠ്യവും അക്രമവും ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ക്ഷണം നിങ്ങൾക്ക് എന്നേ സ്വീകരിക്കാമായിരുന്നു. എന്നാൽ വിശ്വസിക്കാത്ത ജനതക്ക് ഉൽബോധനങ്ങൾ ഫലപ്പെടില്ല. അതാണ് അല്ലാഹു പറഞ്ഞത്: (അല്ല, പരലോകത്തിൽ വിശ്വസിക്കാത്തവർ) അവരിൽ പെട്ടവരാണ് ആ വാക്ക് പറഞ്ഞത്. (ശിക്ഷയിലും വിദൂരമായ വഴികേടിലും ആകുന്നു) അവരാണ് നാശത്തിലും വിദൂരമായ വഴികേടിലും അകപ്പെട്ടവർ. ശരിയുടെ അടുത്തുപോലും അവരില്ല. ഉയിർത്തെഴുന്നേല്പിക്കാൻ അല്ലാഹുവിന് കഴിയില്ല എന്ന് പറയുന്നതിനെക്കാൾ വലിയ വഴികേടെന്താണ്? ദൂതന്മാരെ കളവാക്കുന്നു, പരിഹസിക്കുന്നു. അവർ കൊണ്ടുവന്നതാണ് സത്യമെന്നവർ ഉറപ്പാക്കുന്നു. അങ്ങനെ സത്യത്തെ അസത്യമായും അസത്യത്തെ സത്യമായും അവർ കാണുന്നു; വഴികേടിനെ സന്മാർഗമായും.

(9). അവർ സംഭവിക്കില്ലെന്ന് പറയുന്ന ഉയിർത്തെഴുന്നേൽപ് സംഭവിക്കുമെന്നതിനുള്ള ബുദ്ധിപരമായ തെളിവുകൾ അവരെ ഉണർത്തുന്നു. അവരുടെ മുമ്പിലും പിന്നിലുമുള്ള ആകാശഭൂമികളെ അവർ സൂക്ഷ്മമായി ഒന്ന് നിരീക്ഷിച്ചാൽ ചിന്തിക്കുന്നവരെ അമ്പരപ്പിക്കുന്ന, അല്ലാഹുവിന്റെ കഴിവ് അവർക്ക് കാണാനാകും. അറിവുള്ള മഹത്തുക്കൾ അതിൽ അത്ഭുതപ്പെടും. ക്വബ്റുകളിൽ നിന്നും മനുഷ്യരെ തിരിച്ചുകൊണ്ടുവരുന്നതിനെക്കാൾ എത്രയോ വലുതാണ് ആകാശ ഭൂമികളുടെയും അവയിൽ ഉള്ള സൃഷ്ടികളുടെയും സൃഷ്ടിപ്പ്. ഈ സൃഷ്ടിപ്പിനെ അംഗീകരിക്കുന്നവർ അത് നിഷേധിക്കുന്നത് എന്തുകൊണ്ടാണ്? അതെ, അത് അദൃശ്യമായ കാര്യമാണ്. അത് അവർക്ക് ദൃശ്യമായില്ല. അതിനാൽ അവരത് നിഷേധിച്ചു. (നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരെ നാം ഭൂമിയിൽ ആഴ്ത്തിക്കളയുകയോ ആകാശത്തു നിന്ന് കഷ്ണങ്ങൾ വീഴ്ത്തുകയോ ചെയ്യുന്നതാണ്) ശിക്ഷയെന്ന നിലയിൽ. ആകാശഭൂമികളുടെ നിയന്ത്രണം നമ്മുടെ കൈകളിലാണ്. അവ അനുസരണക്കേട് കാണിക്കില്ല. അതിനാൽ, അവയിലൂടെ നിങ്ങൾ ശിക്ഷിക്കപ്പെടുന്നത് നിങ്ങൾ സൂക്ഷിക്കുക.

(തീർച്ചയായും അതിൽ) ആകാശഭൂമികളിലും അതിലുള്ള സൃഷ്ടിജാലങ്ങളിലും. (മടങ്ങുന്ന ഏതൊരു ദാസനും അതിൽ ദൃഷ്ടാ

ന്തമുണ്ട്) ഒരു വ്യക്തി എത്രത്തോളം പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് തിരിയുന്നുവോ, അത്രയധികം ദൃഷ്ടാന്തങ്ങളിൽനിന്ന് അയാൾക്ക് പ്രയോജനം ലഭിക്കും. കാരണം, തന്റെ നാഥനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നവൻ പൂർണഹൃദയത്തോടെയും ആഗ്രഹത്തോടെയും അവനിൽ കേന്ദ്രീകരിക്കുന്നു. അവന്റെ എല്ലാ കാര്യവും അവനെ ഏൽപിക്കുന്നു. അങ്ങനെ അവൻ തന്റെ രക്ഷിതാവിലേക്ക് അടുക്കുന്നു. അവന്റെ തൃപ്തിയല്ലാതെ മറ്റൊന്നും അവന്റെ ജീവിതത്തിൽ ലക്ഷ്യമായില്ല. അപ്പോൾ അവൻ എല്ലാ സൃഷ്ടിജാലങ്ങളെയും നോക്കുന്നത് അതിനെ കുറിച്ച് ചിന്തിക്കാനും പാഠമുൾക്കൊള്ളാനും വേണ്ടിയാണ്.

(10-11). അതായത്, നമ്മുടെ അടിമയും ദൂതനുമായ ദാവൂദിനെ നാം അനുഗ്രഹിച്ചു. അദ്ദേഹത്തിന് ധാരാളം പ്രയോജനപ്രദമായ അറിവ് നൽകുകയും സൽക്കർമങ്ങൾ ചെയ്യാൻ പ്രാപ്തനാക്കുകയും ചെയ്തു. ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ നൽകുകയും ചെയ്തു. ആ അനുഗ്രഹങ്ങളിൽ പെട്ടതാണ് നിർജീവ വസ്തുക്കളോടും പക്ഷികൾ പോലുള്ള ജീവജാലങ്ങളോടും അവന്റെ മഹത്ത്വത്തെ വാഴ്ത്തുമ്പോൾ തന്റെ കൂടെ അതാവർത്തിക്കാൻ പറയുന്നത്. ഈ പ്രത്യേകത അദ്ദേഹത്തിന്റെ മുമ്പോ ശേഷമോ ഒരാൾക്കും നൽകിയിട്ടില്ല. അചേതന വസ്തുക്കളും ജീവജാലങ്ങളും തങ്ങളുടെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുന്ന വാക്കുകൾ ആവർത്തിക്കുന്നത് കണ്ടപ്പോൾ ഇത് അദ്ദേഹത്തെയും മറ്റുള്ളവരെയും അവനെ കൂടുതൽ മഹത്ത്വപ്പെടുത്താൻ പ്രേരിപ്പിച്ചു.

ദാവൂദ് നബി(അ)ക്ക് കിട്ടിയ അനുഗ്രഹത്തിന്റെ മറ്റൊരു ഉദാഹരണം പല പണ്ഡിതന്മാരും പ്രസ്താവിച്ചതുപോലെ ദാവൂദിന്റെ ശബ്ദമാണ്. അല്ലാഹു അദ്ദേഹത്തിന് മറ്റെല്ലാവരെയും വെല്ലുന്ന മനോഹരമായ ശബ്ദം നൽകി. ശ്രുതിമധുരമായ ആ ശബ്ദത്തിൽ അദ്ദേഹം പ്രകീർത്തനവും സ്തുതിയും ചൊല്ലിയപ്പോൾ അത് കേട്ടവരെല്ലാം (മനുഷ്യരും ജിന്നുകളും പക്ഷികളും പർവതങ്ങളും അടക്കം) അതിൽ ആനന്ദംകൊണ്ടു. അവർ തങ്ങളുടെ നാഥനെ മഹത്ത്വപ്പെടുത്തി.

ഒരുപക്ഷേ, അവർ പ്രകീർത്തനം ചെയ്യുന്നത് പ്രതിഫലം നേടുന്നതിനായിരിക്കാം. അദ്ദേഹമാണ് അതിന് കാരണമായത്. അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുന്നതിലും അവർ അദ്ദേഹത്തെ അനുഗമിക്കുകയായിരുന്നു.

അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊ ടുത്ത മറ്റൊരു അനുഗ്രഹം ഇരുമ്പിനെ മയപ്പെടുത്തിക്കൊടുത്തു എന്നുള്ളതാണ്. അതുമൂലം അദ്ദേഹത്തിന് പൂർണ വലുപ്പമുള്ള അങ്കികൾ ഉണ്ടാക്കാൻ സാധിച്ചു. അതെങ്ങനെയാണ് ഉണ്ടാക്കേണ്ടത് എന്ന് അല്ലാഹു പഠിപ്പിച്ചു; ശരിയായ അളവിലുള്ള കണ്ണികൾ നിർമിക്കാനും. എന്നിട്ടവ ഒന്ന് മറ്റൊന്നിൽ പ്രവേശിപ്പിക്കും. അല്ലാഹു പറയുന്നു:

وَعَلَّمْنَٰهُ صَنْعَةَ لَبُوسٍ لَّكُمْ
لِتُحْصِنَكُم مِّنۢ بَأْسِكُمْ ۖ فَهَلْ أَنتُمْ
شَٰكِرُونَ ﴿٨٠﴾

"നിങ്ങൾ നേരിടുന്ന യുദ്ധ വിപത്തുകളിൽനിന്ന് നിങ്ങൾക്ക് സംരക്ഷണം നൽകാനായി നിങ്ങൾക്കുവേണ്ടിയുള്ള പടയങ്കിയുടെ നിർമാണവും അദ്ദേഹത്തെ പഠിപ്പിച്ചു. എന്നിട്ട് നിങ്ങൾ നന്ദിയുള്ളവരാണോ?"(21:80).

അദ്ദേഹത്തിനും കുടുംബത്തിനും അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ പരാമർശിച്ചശേഷം അവനോട് നന്ദി പറയാനും സൽക്കർമങ്ങൾ ചെയ്യാനും ഉപദേശിച്ചു. അല്ലാഹു നിരീക്ഷിക്കുന്നുണ്ട് എന്ന ബോധത്താൽ അവ ശരിയായി നിർവഹിക്കാനും കൽപിക്കുന്നു. അവൻ അവരുടെ പ്രവർത്തനങ്ങളെ കാണുന്നു. നിരന്തരം അവരെ നിരീക്ഷിക്കുകയും ചെയ്യുന്നു. അവനിൽനിന്ന് ഒന്നും മറഞ്ഞിരിക്കുകയില്ല.

(12). ദാവൂദ് നബി(അ)യോടുള്ള അവന്റെ ഔദാര്യം പരാമർശിച്ച ശേഷം അല്ലാഹു ഇവിടെ അദ്ദേഹത്തിന്റെ മകൻ സുലൈമാൻ നബി(അ)ക്ക് നൽകിയ അനുഗ്രഹത്തെക്കുറിച്ചാണ് പറയുന്നത്. അദ്ദേഹത്തിന്റെ നിർദേശമനുസരിച്ച് സഞ്ചരിക്കും വിധം കാറ്റിനെ കീഴ്പ്പെടുത്തി കൊടുത്തു. അങ്ങനെ അത് അദ്ദേഹത്തോടൊപ്പമുള്ളതെല്ലാം വഹിച്ചു. കുറഞ്ഞ സമയംകൊണ്ട് വളരെയധികം ദൂരത്തേക്ക് സഞ്ചരിക്കാൻ അതുമൂലം സാധിച്ചു. ഒരു ദിവസം കൊണ്ട് രണ്ടു മാസത്തെ യാത്രാദൂരം വരെ യാത്ര ചെയ്യുമായിരുന്നു. അത് രാവിലെ ഒരു മാസത്തെ വഴിദൂരം. (സായാഹ്ന സഞ്ചാരം ഒരു മാസത്തെ ദൂരം) ഉച്ചമുതൽ പകൽ അവസാനിക്കുന്നതുവരെ. (അദ്ദേഹത്തിന് നാം ചെമ്പിന്റെ ഒരു ഉറവ ഒഴുക്കിക്കൊടുക്കുകയും ചെയ്തു) അതിൽ നിന്ന് പാത്രങ്ങളും മറ്റും ഉൽപാദിപ്പിക്കുന്നതിനുള്ള മാർഗം അദ്ദേഹത്തിന് ലഭിച്ചു. പിശാചുക്കളെയും ജിന്നുകളെയും അല്ലാഹു അദ്ദേഹത്തിന് കീഴ്പ്പെടുത്തി. അങ്ങനെ അവർക്ക് അദ്ദേഹത്തിന്റെ കൽപനകൾ ലംഘിക്കാൻ കഴിഞ്ഞില്ല. (അവരിൽ ആരെങ്കിലും നമ്മുടെ കൽപനക്ക് എതിര് പ്രവർത്തിക്കുന്ന പക്ഷം അവന് നാം ജ്വലിക്കുന്ന ശിക്ഷ അനുഭവിപ്പിക്കുന്നതാണ്).

ശമീർ മദീനി



# വഴിതെറ്റാതിരിക്കിനുള്ള വഴിയെന്ത്?

നേരിന്റെ വഴി പിൻപറ്റുന്നതിൽ വിരോധവും അലർജിയും കാണിക്കുന്നവർ ദേഹേച്ഛയുടെ വഴികൾ എത്ര ദുസ്സഹവും സാഹസികവുമാണെങ്കിലും അത് പിൻപറ്റാൻ മത്സരിക്കും എന്ന യാഥാർഥ്യവും മേൽ ഹദീസ് നമ്മെ ഓർമിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ പടർന്നുപന്തലിച്ചിട്ടുള്ള പല ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വേഷഭൂഷാദികളിലും വിശ്വാസങ്ങളിൽ വരെയും അത്തരം അനുകരണങ്ങളും കടന്നു കയറ്റങ്ങളും കാണാവുന്നതാണ്

ഇസ്‌ലാമിന്റെ നേരായ പാതയിൽനിന്ന് ആളുകൾ വ്യതിചലിക്കുമെന്നത് സത്യമാണ്. മുഹമ്മദ് നബി (സ്വ) അത് ഉണർത്തുകയും ചെയ്തിട്ടുണ്ട്. മുമ്പുള്ള സമുദായങ്ങളിലും ഇത്തരം വ്യതിചലനങ്ങൾ ഉണ്ടായത് ഓർമിപ്പിച്ചുകൊണ്ടുതന്നെ നബി(സ്വ) സമുദായത്തെ അതിന്റെ ദോഷവശങ്ങളെക്കുറിച്ച് പലപ്പോഴായി താക്കീത് ചെയ്തിട്ടുണ്ട്.

നബി (സ്വ) പറഞ്ഞു: “ജൂതന്മാർ 71 കക്ഷികളായി വേർപിരിഞ്ഞു. ക്രിസ്ത്യാനികൾ 72 വിഭാഗങ്ങളായും ഭിന്നിച്ചു. ഈ സമുദായമാകട്ടെ 73 വിഭാഗങ്ങളായി ഭിന്നിക്കുന്നതാണ്” (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, ഹാകിം).

ഭിന്നത അഭിലഷണീയമല്ലെന്നും ഐക്യത്തോടെ നന്മയുടെ വഴിയിൽ ഉറച്ചുനിൽക്കുകയാണ് വേണ്ടതെന്നും ക്വുർആനും ഹദീസുകളും ആവർത്തിച്ചുണർത്തിയിട്ടുള്ളതാണ്. എങ്കിലും അല്ലാഹുവിന്റെ ‘ക്വദാഉ’ന്റെ (വിധിയുടെ) ഭാഗമായി ഭിന്നതകൾ സംഭവിക്കുമെന്നത് സത്യമാണെന്നകാര്യം നാം മറക്കരുത്. സാധ്യമാകുന്നത്ര ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും ഒഴിവാക്കി ഒത്തൊരുമിച്ച് നിൽക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. മതം പഠിപ്പിച്ചതും കാലഘട്ടം ആവശ്യപ്പെടുന്നതും അതുതന്നെയാണ്.

അല്ലാഹു പറയുന്നു: “നിങ്ങൾ (താഴ്‌വരയിൽ മദീനയോട്) അടുത്തഭാഗത്തും അവർ അകന്ന ഭാഗത്തും സാർഥവാഹകസംഘം നിങ്ങളെക്കാൾ താഴെയുമായിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങൾ അന്യോന്യം (പോരിന്) നിശ്ചയിച്ചിരുന്നുവെങ്കിൽ നിങ്ങൾ ആ നിശ്ചയം നിറവേറ്റുന്നതിൽ ഭിന്നിക്കുമായിരുന്നു. പക്ഷേ, ഉണ്ടാകേണ്ട ഒരു കാര്യം അല്ലാഹു നിർവഹിക്കുന്നതിന് വേണ്ടിയായിരുന്നു അത്. അതായത് നശിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് നശിക്കാനും, ജീവിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് ജീവിക്കുവാനും വേണ്ടി. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു”(8:42).

“വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്”(3:105).

ഈ മാർഗഭ്രംശങ്ങളുടെ അടിസ്ഥാനകാരണങ്ങളും അതിൽനിന്ന് രക്ഷപ്പെടാനുള്ള വഴികളും നബി(സ്വ) നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. മുമ്പ് ഉദ്ധരിച്ച ‘എന്റെ സമുദായം 73 കക്ഷികളായി പിരിയും’ എന്ന ഹദീസിന്റെ ബാക്കി ഭാഗം തന്നെ അക്കാര്യം ഉണർത്തുന്നുണ്ട്.

നബി(സ്വ) പറഞ്ഞു: 'പ്രസ്തുത 73ൽ ഒന്നൊഴികെ ബാക്കിയെല്ലാം നരകത്തിന്റെ പാതയിലാണ്.' അപ്പോൾ ചോദിക്കപ്പെട്ടു: 'പ്രവാചകരേ, ആരാണ് ആ രക്ഷപ്പെടുന്ന വിഭാഗം?' നബി(സ്വ) പറഞ്ഞു: 'ഞാനും എന്റെ സ്വഹാബത്തും നിലകൊണ്ട മാർഗത്തിൽ നിലകൊള്ളുന്നവർ.'

'ഭിന്നിച്ചു വേർപിരിഞ്ഞ എല്ലാ കക്ഷികളും എന്റെ സമുദായത്തിന്റെ ഭാഗമായതുകൊണ്ട് അതിൽ ഏതിൽ ആയിരുന്നാലും കുഴപ്പമില്ല' എന്നല്ല നബി(സ്വ) പറഞ്ഞുതന്നത്. മറിച്ച്, എഴുപത്തിമൂന്നിൽ 72ലും ഉൾപ്പെടാതെ സൂക്ഷിക്കുവാനും, രക്ഷയുടെ വിഭാഗത്തിന്റെ അടയാളങ്ങൾ വ്യക്തമാക്കി, അതിന്റെ കൂടെ നിൽക്കാനുമാണ്.

നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് അനുവർത്തിച്ചതുമായ മാർഗം പിൻപറ്റി വ്യതിയാനത്തിന്റെ അപകടങ്ങളിൽനിന്ന് സുരക്ഷ ഉറപ്പാക്കണം എന്നാണ് പ്രസ്തുത ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. വിശുദ്ധ ക്വുർആനിന്റെ സൂക്തങ്ങളും ഈ ആശയം നമ്മെ പഠിപ്പിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞവഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!"(4:115).

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം"(9:100).

ഏതു വിഷയങ്ങളിലാണെങ്കിലും സച്ചരിതരായ മുൻഗാമികളുടെ ആശയാദർശങ്ങൾ ഏതെന്ന് പഠിച്ചറിഞ്ഞ് പിൻപറ്റാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമാണ് നാം നേരിന്റെ വഴിയിലാണെന്ന് ഉറപ്പിക്കാൻ സാധിക്കുക. കാരണം അവരെയാണ് അല്ലാഹു തൃപ്തിപ്പെട്ടതും പ്രവാചകന്റെ അനുചരന്മാരായി നിയോഗിച്ചതും. അവരാണ് ഇസ്‌ലാമിനെ നേരിട്ട് മനസ്സിലാക്കി, സംശയങ്ങൾ ദൂരീകരിച്ച്, പ്രവാചകനാകുന്ന ഗുരുമുഖത്തുനിന്ന് ദീൻ പകർത്തുന്നെടുത്തവരും അത് പ്രയോഗവത്കരിച്ച് കാണിച്ചവരും. അങ്ങനെയുള്ള അവർ വഴികേടിലും പിൽകാലക്കാർ നേർമാർഗത്തിലും ആവുക എന്നത് ഒരിക്കലും ഉണ്ടാവുകയില്ല.

നേർമാർഗത്തിൽനിന്ന് വ്യതിചലിക്കാനുള്ള ഒരു പ്രധാന കാരണം ദീനിന്റെ ശരിയായ ആശയങ്ങൾ കൃത്യവും കണിശവുമായി പഠിക്കാനും പിൻപറ്റുവാനുമുള്ള വിമുഖതയും മറ്റ് വിഭാഗങ്ങളുടെ രീതികളെ അനുകരിക്കുന്നതുമാണ്.

നബി(സ്വ) പറയുന്നു: 'തീർച്ചയായും നിങ്ങൾ നിങ്ങൾക്കു മുമ്പുള്ളവരുടെ മാർഗങ്ങളെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുകതന്നെ ചെയ്യും. എത്രത്തോളമെന്നാൽ, അവരെങ്ങാനും ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിക്കുകയാണെങ്കിൽ നിങ്ങളും അതിൽ കടക്കും.' സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ജൂത-ക്രൈസ്തവരെയാണോ ഉദ്ദേശിച്ചത്?' നബി(സ്വ) പറഞ്ഞു: 'അല്ലാതെ പിന്നെ ആരെയാണ്?' (ബുഖാരി, മുസ്‌ലിം).

ഈ ആശയത്തിൽ വേറെയും ഹദീസുകൾ കാണാവുന്നതാണ്. അല്ലാഹുവിൽനിന്നുള്ള 'വഹ്‌യി'ന്റെ അടിസ്ഥാനത്തിൽ നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് പ്രയോഗവത്കരിച്ച് കാണിച്ചതുമായ ശരിയായ മാർഗനിർദേശങ്ങളെ കയ്യൊഴിയുകയും വേദവാക്യങ്ങളെയും പ്രവാചകാധ്യാപനങ്ങളെയും സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വളച്ചൊടിക്കുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്ത ആളുകളുടെ മാർഗങ്ങളെ പിൻപറ്റുന്നതിന്റെ അപകടങ്ങളും അതിലെ വിരോധാഭാസങ്ങളുമാണ് നബി(സ്വ) ഉണർത്തുന്നത്.

നേരിന്റെ വഴി പിൻപറ്റുന്നതിൽ വിരോധവും അലർജിയും കാണിക്കുന്നവർ ദേഹേച്ഛയുടെ വഴികൾ എത്ര ദുസ്സഹവും സാഹസികവുമാണെങ്കിലും അത് പിൻപറ്റാൻ മത്സരിക്കും എന്ന യാഥാർഥ്യവും മേൽ ഹദീസ് നമ്മെ ഓർമിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ പടർന്നുപന്തലിച്ചിട്ടുള്ള പല ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വേഷഭൂഷാദികളിലും വിശ്വാസങ്ങളിൽവരെയും അത്തരം അനുകരണങ്ങളും കടന്നു കയറ്റങ്ങളും കാണാവുന്നതാണ്

ഒഴുക്കിനൊത്തു നീന്തുന്ന പ്രവണതയാണ് ഉള്ളതെങ്കിൽ അത്തരക്കാർ ഈ കുത്തൊഴുക്കിൽ പെട്ടെന്ന് പെട്ടുപോകും. ദേഹേച്ഛകളുടെ സ്വാധീനവലയങ്ങളിൽനിന്ന് രക്ഷപ്പെടാൻ പറ്റാത്തവരും ഈ വ്യതിയാനപാതയിലെ സഹയാത്രികരായിരിക്കും. വിമർശനങ്ങളെയും ആക്ഷേപങ്ങളെയും ഭയന്ന് ഓടിയൊളിക്കുന്നവർക്കും നേരിന്റെ വഴിയിൽ സഞ്ചരിക്കാനുള്ള തൗഫീക് വിദൂരമായിരിക്കും. അതിനാൽ കാര്യങ്ങൾ കൃത്യമായി പഠിച്ചറിഞ്ഞ് പിൻപറ്റാനുള്ള ആർജവവും പ്രാർഥനയും പരിശ്രമവുമാണ് നമുക്ക് വേണ്ടത്. ■

അബൂമുഫീദ്



# പെരുകുന്ന വൃദ്ധസദനങ്ങൾ

*രീതി: അഹദോന്റെ തിരുനാമം...*

പടച്ചോന്റെ ദുനിയാവിൽ വസിക്കുന്ന മനുഷ്യാ നീ
പരിമിത സുഖം കണ്ട് മദിച്ചിടേണ്ട-സ്വന്തം
പരലോകം മറന്നിട്ട് ഗമിച്ചിടേണ്ടാ.

പടപ്പോരിൽ പലരുമിന്നവരുടെ വയസ്സായ
പ്രിയ മാതാപിതാക്കളെ വെറുത്തിടുന്നു-അവരെ
പുറത്താക്കാൻ പല മാർഗം തിരഞ്ഞിടുന്നു

മെനകെട്ട മനസ്സുള്ളോർ മനസ്സാക്ഷിക്കെതിരായി
മടിക്കാതെ, വയസ്സായോർക്കൊരുക്കി വെച്ച-വൃദ്ധ
സദനത്തിൽ പിതാ-മാതാക്കളെ തള്ളുന്നു.

മനസ്സിന്റെയകം തന്നിൽ നിറയുന്ന വിഷമത്തിൻ
മല താങ്ങാൻ അവർക്കുണ്ടോ കഴിഞ്ഞിടുന്നു-തീരാ
വ്യസനത്തിൽ അവർ കാലം കഴിച്ചിടുന്നു.

കഴിവുള്ള കാലമത്ര ദുരിതത്തിൻ കടൽ നീന്തി
കനിമക്കളെ വളർത്തിയോരുടെ നെഞ്ചത്ത്-കത്തി
ഇറക്കുന്ന പണിയല്ലാഹ് പൊറുക്കില്ലോർത്തോ.

പഴിയൊട്ടും മൊഴിയാത്ത, അവശരായ് മാറിയോരാം
ഉമ്മബാപ്പമാരെ നെഞ്ചിൽ ചേർത്തുവച്ചോളൂ-നാളെ
ഫിർദൗസ് ലഭിയ്ക്കാനായ് ആശ വെച്ചോളൂ...



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS

# പുറത്തിറങ്ങി

ഫലസ്തീനിന്റെയും യഹൂദരുടെയും
ചരിത്രവും വർത്തമാനവും
പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന

## യഹൂദരും ഫലസ്തീനും
### ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും
**ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**




اليهود و فلسطين
في التاريخ والكتب المقدسة

ഓൺലൈനിൽ ബുക്ക് ചെയ്യുന്നവർക്ക് **200 രൂപ**യുടെ പുസ്തകം **വെറും 160 രൂപ**ക്ക്

പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

ORDER NOW

*Parcel Charge Extra

http://www.wisdombooksonline.com

+91 7356 766 478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2024 SEPTEMBER 21

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

